# - 2 -

# കലകളുടെ കളിത്തൊട്ടിൽ



വൈവിധ്യമാർന്ന കലകൾകൊണ്ട് സമ്പന്നമാണ് കേരളം. നൃത്തം, നൃത്യം, ഗീതം, വാദ്യം തുടങ്ങിയവയുടെ പാരമ്പര്യംകൊണ്ട് കേരളം ഇതരദേശങ്ങളെ അതിശയിപ്പിക്കുന്നു. അവയിൽ പലതും ഇന്ന് നാശോന്മുഖമാണ്. കലകളുടെ ആസ്വാദനവും പരിശീലനവും സഹൃദയത്വം വളർത്തുകയും ഹൃദയാലുക്കളാക്കുകയും ചെയ്യുന്നു. സാമൂഹ്യജീവിതത്തിൽ ഇടപെടുന്നതിനും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും ഉള്ള വൈകാരിക സന്നദ്ധത വളർത്താനുള്ള ഒരു വഴി കലാസ്വാദനമാണ്. ക്ലാസ്സിക്കലും നാടോടിയുമായ നമ്മുടെ കലാപ്രപഞ്ചത്തെക്കുറിച്ച് സാമാന്യമായ അവബോധം ജനിപ്പിക്കുന്നതിനും അതുവഴി നമ്മുടെ സാംസ്ക്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്ര വികാസത്തെക്കുറിച്ചുമുള്ള ധാരണ വികസിപ്പിക്കാനും ഈ യൂണിറ്റിലെ പാഠഭാഗങ്ങളിലൂടെ കഴിയണം. നമ്മുടെ നാടിന്റെ മഹത്തായ കലാപാരമ്പര്യം തിരിച്ചറിയുന്നതിനുള്ള തുടക്കമെന്ന രീതിയിൽ കുഞ്ചൻനമ്പ്യാരുടെ ഹിഡിംബവധം തുള്ളലിലെ ഭീമന്റെ കുസൃതികൾ എന്ന കവിതാഭാഗം, ഓരോ പ്രദേശത്തെയും തനതായ കലാരൂപങ്ങളുടെ അന്വേഷണത്തിലേക്കു നയിക്കാനുതകുന്ന ഉത്തരകേരളത്തിലെ തെയ്യംകലയെക്കുറിച്ചു പ്രതിപാദിക്കുന്ന പുറപ്പാട് എന്ന വിവരണം, പ്രസിദ്ധ തെയ്യം കലാകാരനായ കൊടക്കാട് കണ്ണൻപെരുവണ്ണാന്റെ ചിലമ്പിട്ട ഓർമ്മകൾ എന്ന ആത്മകഥയിലെ ആടിത്തെയ്യങ്ങളെക്കുറിച്ചുള്ള ഭാഗം എന്നിവയാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കവിത, വിവരണം, ആത്മകഥ, വിവിധ കുറിപ്പുകൾ, പാട്ടുകൾ എന്നിവ വായിച്ച് വിശകലനം ചെയ്യുന്നതിലൂടെയും രചനാപ്രവർത്തനങ്ങളിലൂടെയും കേരളത്തിന് മഹത്തായ കലാപാരമ്പര്യമുണ്ടെന്നും അവ സംരക്ഷിക്കപ്പെടേണ്ടതാണെന്നും കുട്ടികൾ തിരിച്ചറിയട്ടെ.

# ഭീമന്റെ കുസൃതികൾ

കുഞ്ചൻ നമ്പ്യാരുടെ സുപ്രസിദ്ധമായ ഹിഡിംബവധം തുള്ളൽക്കഥയിലെ ഒരു ഭാഗമാണിത്. ഹസ്തിനപുരത്തിൽ വാഴുന്ന ധൃതരാഷ്ട്രമഹാരാജാവിനോട് മക്കളായ ദുര്യോധനാദികൾ പാണ്ഡവന്മാരിൽ മഹാപരാക്രമിയായ ഭീമസേനനെക്കുറിച്ച് പരാതി പറയുന്നതാണ് കാവ്യസന്ദർഭം.

“അച്ഛനു ഞങ്ങളിലുള്ളൊരു കനിവതു
തുച്ഛമതാവാനെന്തവകാശം?
കുന്തീസുതരിൽക്കൂറുണ്ടാവാ-
നെന്തൊരു ബന്ധമതും കേൾക്കേണം.”

എന്നുപറഞ്ഞുകൊണ്ട് കുട്ടിഭീമന്റെ കുസൃതികൾ ഓരോന്നായി വിവരിക്കുന്നു. തുള്ളലിന്റെ ലിഖിതസാഹിത്യരൂപമായ തുള്ളൽപ്പാട്ട് പരിചയപ്പെടുന്നതോടൊപ്പം കലകൾകൊണ്ട് അനുഗൃഹീതമായ കേരളത്തെക്കുറിച്ചും കുട്ടികളിൽ ആശയരൂപീകരണം നടക്കുന്ന തരത്തിലാണ് പഠനപ്രവർത്തനങ്ങൾ ഒരുക്കേണ്ടത്. ഒപ്പം നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന നമ്പ്യാരുടെ തുള്ളൽപ്പാട്ടുകളുടെ സവിശേഷതകൾ കണ്ടെത്തി വിശകലനം ചെയ്യാനും കുട്ടികൾക്കു സാധിക്കേണ്ടതുണ്ട്. തുള്ളൽക്കൃതികളിലെ കേരളീയ പരിസരം, ലളിതഭാഷ, ലോകോക്തികൾ എന്നിവയും ഈരടികളിലെ ശബ്ദഭംഗി, വരികൾക്കിണങ്ങുന്ന പദങ്ങൾ, അവയുടെ താളം എന്നിവ ഉൾക്കൊണ്ട് ആസ്വാദനക്കുറിപ്പുകൾ നിർമിക്കുന്നതിനും ഈ കവിതാദ്ധ്യാപനത്തിലൂടെ ലക്ഷ്യമിടുന്നു.



**പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്ര വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ.**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യമുണ്ട്.<br>• ഈണം, താളം, ആശയം എന്നിവ ഉൾക്കൊണ്ട് ഭാവാത്മകമായി അവതരിപ്പിക്കുമ്പോഴാണ് കവിതകൾ അസ്വാദ്യമായിത്തീരുന്നത്.<br>• വ്യക്തികളുടെ രൂപം, ഭാവം, സ്വഭാവം എന്നിവ വസ്തുനിഷ്ഠമായി പറയുന്നതാണ് വ്യക്തിവിവരണം. | • പരിചിതമായ കലാരൂപങ്ങളുടെ സൂചനകൾ ലഭിക്കുന്ന ചോദ്യങ്ങൾ നിർമിക്കുന്നു.<br>• ചിത്രങ്ങളും സൂചനകളും താരതമ്യം ചെയ്ത് ബന്ധം കണ്ടെത്തി സമർഥിക്കുന്നു.<br>• തുള്ളൽപ്പാട്ട് ഈണത്തിലും താളത്തിലും സംഘമായി പാടി അവതരിപ്പിക്കുന്നു.<br>• കവിത വിശകലനം ചെയ്ത് ചിത്രവുമായി താരതമ്യം ചെയ്ത് പട്ടികകൾ തയാറാക്കി ക്രോഡീകരിച്ച് വ്യക്തി വിവരണം തയാറാക്കുന്നു. | • വർക്ക്ഷീറ്റ്<br>• പദസൂര്യൻ<br>• ആലാപനം<br>• നമ്പ്യാരുടെ ഭീമൻ - പട്ടിക<br>• നമ്പ്യാരുടെ ഭീമൻ - വിവരണം | • വിവരണം - പരസ്പരം ചേർന്നു നിൽക്കുന്ന ആശയങ്ങൾ, രൂപം, സ്വഭാവം എന്നിവ ദ്യോതിപ്പിക്കാനുതകുന്ന പദങ്ങൾ, വാക്യങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ തെരഞ്ഞെടുപ്പ്. |
| • തുള്ളൽക്കവിത നമ്മെ രസിപ്പിക്കുന്നതോടൊപ്പം ചിന്തിപ്പിക്കുകയും ചെയ്യുന്നു.<br>• കവിതയിലെ ആശയം, അർത്ഥഭംഗി, ശബ്ദഭംഗി എന്നിവ ഉൾപ്പെടുത്തിയാണ് ആസ്വാദനക്കുറിപ്പ് എഴുതുന്നത്. | • കവിതയുടെ ആശയം, ആശയത്തെ പ്രകാശിപ്പിക്കാൻ ഉപയോഗിച്ച വരികൾ, വരികൾക്കിണങ്ങിയ പദങ്ങളുടെ തെരഞ്ഞെടുപ്പ് എന്നിവ വിശകലനം ചെയ്തും സമാനമായ കവിതകൾ, അനുഭവങ്ങൾ എന്നിവയെ ബന്ധപ്പെടുത്തിയും ആസ്വാദനക്കുറിപ്പുകൾ തയാറാക്കുന്നു. | • ശബ്ദഭംഗി - ചർച്ചാക്കുറിപ്പ്<br>• പരിഹാസശരങ്ങൾ - വർക്ക്ഷീറ്റ്.<br>• താരതമ്യക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ്. | • ആസ്വാദനക്കുറിപ്പ്- കവിതയുടെ ശബ്ദഭംഗി, അർഥഭംഗി എന്നിവ വിശദീകരിച്ചിട്ടുണ്ട്.<br>സമാന കവിതകളുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണങ്ങളുണ്ട്. |

## മോഡ്യൂൾ ഒന്ന്

| | |
|---|---|
| ആശയം | : • കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യമുണ്ട്.<br>• ഈണം, താളം, ആശയം എന്നിവ ഉൾക്കൊണ്ട് ഭാവാത്മകമായി അവതരിപ്പിക്കുമ്പോഴാണ് കവിതകൾ അസ്വാദ്യമായിത്തീരുന്നത്.<br>• വ്യക്തികളുടെ രൂപം, ഭാവം, സ്വഭാവം എന്നിവ വസ്തുനിഷ്ഠമായി പറയുന്നതാണ് വ്യക്തി വിവരണം. |
| കരുതേണ്ട സാമഗ്രികൾ | : • വർക്ക്ഷീറ്റുകൾ (കലാസൂചനകൾ, പരിഹാസശരങ്ങൾ)<br>• വായനാസാമഗ്രി (കഥാസന്ദർഭം) |
| പ്രതീക്ഷിത സമയം | : • 6 മണിക്കൂർ |

### റിവേഴ്സ് ക്വിസ്

രണ്ടുപേർ അഭിമുഖമായി ഇരിക്കുകയും സദസ്സിലുള്ളവർ ശ്രദ്ധാപൂർവ്വം വീക്ഷിക്കുകയും ചെയ്യുന്ന ഒരു ക്വിസ് പ്രോഗ്രാമാണിത്. ഒരു കുട്ടി അവനിഷ്ടപ്പെട്ട ഒരു കലാരൂപത്തെക്കുറിച്ച് മനസ്സിൽ വിചാരിക്കട്ടെ.

നേരിട്ട് ഉത്തരം ലഭിക്കാത്ത അഞ്ച് ചോദ്യങ്ങളിലൂടെ ലഭിക്കുന്ന ഉത്തരം വിശകലനം ചെയ്ത് കുട്ടി മനസ്സിൽ വിചാരിച്ച കലാരൂപത്തിന്റെ പേര് ക്വിസ് നടത്തുന്നയാൾ പറയണം. ഉത്തരം ശരിയാണെങ്കിൽ അടുത്ത കുട്ടിയെ വിളിച്ച് മത്സരം തുടരുന്നു. ഉത്തരം തെറ്റാണെങ്കിൽ സദസ്സിന് ഉത്തരം നല്കാനുള്ള അവസരമുണ്ടാകും.

ഉത്തരം ശരിയല്ലെങ്കിൽ കുട്ടിക്ക് മറ്റൊരു കുട്ടിയെ വിളിച്ച് കളിതുടരാം. പരമാവധി 5 പേർക്കെങ്കിലും ഊഴം ലഭിച്ചാൽ മത്സരം അവസാനിപ്പിക്കാം.

*ഉദാ:* അധ്യാപകനും കുട്ടിയും അഭിമുഖമായി വേദിയിൽ. ക്ലാസിലെ മറ്റുകുട്ടികൾ കാണികളായി ഇരിക്കുന്നു.

അധ്യാപകൻ : കേരളത്തിലെ പ്രസിദ്ധമായ കലാരൂപമാണോ?

കുട്ടി : അതെ

അധ്യാപകൻ : വാദ്യാപകരണങ്ങൾ ഉപയോഗിക്കാറുണ്ടോ?

കുട്ടി : ഉണ്ട്.

അധ്യാപകൻ : പാട്ട് ഉണ്ടോ?

കുട്ടി : ഉണ്ട്.

അധ്യാപകൻ : എത്ര കഥാപാത്രങ്ങൾ സ്റ്റേജിൽ ഉണ്ടാകും?

കുട്ടി : ഒന്നിലധികം

അധ്യാപകൻ : കൈമുദ്രകൾ, ചുവടുകൾ എന്നിവ ഉപയോഗിച്ചാണോ കഥകൾ പറയുന്നത്?

കുട്ടി : അതെ.

അധ്യാപകൻ : താങ്കൾ വിചാരിച്ചത് കേരളത്തിലെ പ്രസിദ്ധമായ കലാരൂപമായ കഥകളിയാണ്.

ഇതുപോലെ കുട്ടികൾ കണ്ട കലാരൂപങ്ങളുടെ അനുഭവംവച്ചുകൊണ്ട് ആ കലയെക്കുറിച്ച് ചോദ്യങ്ങൾ നിർമിക്കാവുന്ന പ്രവർത്തനങ്ങൾ നല്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താം. അഞ്ചു പ്രവർത്തനം കഴിഞ്ഞാൽ വിജയിയാകുന്ന കുട്ടിയെ അനുമോദിക്കാം.

**കണ്ടെത്താം, യോജിപ്പിക്കാം.**

പാഠപുസ്തകത്തിലെ പേജ് 29ലെ "കലകളുടെ കളിത്തൊട്ടിൽ' എന്ന ഭാഗത്തെ ചിത്രങ്ങൾ കുട്ടികൾ വ്യക്തിഗതമായി പരിശോധിക്കട്ടെ. തുടർന്ന് ചിത്രങ്ങളും സൂചനകളും തമ്മിൽ ബന്ധം കണ്ടെത്തുന്നതിന് താഴെക്കൊടുത്ത വർക്ക്ഷീറ്റ് നൽകുന്നു.

കുട്ടികൾ വർക്ക്ഷീറ്റ് വ്യക്തിഗതമായി പൂരിപ്പിക്കുന്നു. അറിയാവുന്നവയുടെ പേര് എഴുതിയ വയ്ക്കുകയോ അല്ലാത്തവ ചൂണ്ടിക്കാണിക്കുകയോ ചെയ്താൽ മതി. പൂരിപ്പിച്ച വർക്കുഷീറ്റുകളുമായി ഗ്രൂപ്പിൽ ചർച്ചയ്ക്കു പങ്കെടുക്കട്ടെ. പേരറിയാത്തവ, സൂചനകളിൽ നിന്നു കണ്ടെത്തിയവ, കണ്ടെത്താത്തവ ഇവ പരസ്പരം പങ്കുവെച്ച് വർക്ക്ഷീറ്റ് പൂർണമാക്കാൻ അവസരം നല്കുന്നു. ഗ്രൂപ്പിൽ നിന്ന് ഒരാൾ അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾക്ക് അഭിപ്രായം പറയുവാനും വിട്ടുപോയവ ചൂണ്ടിക്കാണിക്കാനും അവസരം നല്കേണ്ടതുണ്ട്. ഗ്രൂപ്പവതരണത്തിലൂടെ ചാർട്ടിൽ എഴുതിയ വർക്ക്ഷീറ്റ് പൂരിപ്പിക്കുന്നു.

**പഠനത്തെളിവ് - വർക്ക്ഷീറ്റ്**

വിലയിരുത്തുന്നത് എങ്ങനെയെല്ലാം?

- ഗ്രൂപ്പിൽ നിന്ന് മറ്റുള്ളവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്.
- മറ്റുഗ്രൂപ്പുകൾ അവതരിപ്പിക്കുമ്പോൾ വിട്ടുപോയവ എടുത്തു പറയുന്നു/ തെറ്റുകൾ ചൂണ്ടിക്കണിക്കുന്നു.
- ക്ലാസിൽ ക്രോഡീകരിച്ച വർക്ക്ഷീറ്റിൽ നിന്ന് ആവശ്യമായവ കൂട്ടിച്ചേർത്ത് തന്റെ വർക്ക്ഷീറ്റ് വിപുലീകരിച്ചിട്ടുണ്ട്.

**വർക്ക്ഷീറ്റ്**

| | |
|---|---|
| മണവാട്ടിപ്പെണ്ണിനെ അണിയിച്ചൊരുക്കി വേദിക്കു നടുവിലിരുത്തുന്നു. | |
| നോക്കെടാ നമ്മുടെ മാർഗ്ഗേകിടക്കുന്ന മർക്കടാ നീയങ്ങുമാറിക്കിടാശ്ശഠാ | |
| സ്കൂൾ കലോത്സവവേദികളിൽ അവതരിപ്പിക്കാറുണ്ട്. പൊക്കമുള്ള ഒരു നിലവിളക്ക് കത്തിച്ചുവയ്ക്കും. സ്ത്രീകൾ മാത്രമാണ് അവതരിപ്പിക്കുക. രംഗവിതാനമോ തിരശ്ശീലയോ ആവശ്യമില്ല. | |
| വാദ്യം, സംഗീതം, നൃത്തം, അഭിനയം എന്നിവ ഒന്നിച്ചു ചേർന്നിരിക്കുന്നു. | |
| ആദിവാസികളുടെ ഇടയിൽ ഉള്ള ഒരു കലാരൂപം | |
| വടക്കൻ കേരളത്തിൽ മാത്രമുള്ളത്. | |

**പ്രശ്നാഭിമുഖീകരണം**

ഈ പേജിന് 'കലകളുടെ കളിത്തൊട്ടിൽ' എന്നു പേരുവരാൻ കാരണമെന്തായിരിക്കും? കലകളുടെ കളിത്തൊട്ടിൽ എന്നു പറയുന്നത് ഏതിനെയാണ്?

സ്വതന്ത്ര പ്രതികരണങ്ങൾ ബ്ലാക്ക്ബോർഡിൽ/ ചാർട്ടിൽ രേഖപ്പെടുത്താം.

**പദസൂര്യൻ**

കലയെ അറിയാൻ എന്തൊക്കെയാണു മാർഗ്ഗങ്ങൾ? ക്ലാസ്തലത്തിൽ ചർച്ചയിലൂടെ പദസൂര്യൻ നിർമിക്കാം.




പദസൂര്യൻ പൂർത്തിയാക്കിയ ശേഷം പാട്ടുകളിലൂടെ എങ്ങനെയെല്ലാം കലയെ മനസ്സിലാക്കാം എന്ന ചോദ്യമുയർത്താം. ഏതെല്ലാം കലകൾക്ക് പാട്ടുകളുണ്ട്? പൊതുചർച്ചയും ലിസ്റ്റിംഗും.

- ഒപ്പന
- മാർഗം കളി
- തുള്ളൽ
- കഥകളി
- 

**തുള്ളൽപ്പാട്ടിലേക്ക് (പാഠാവതരണം)**

കുട്ടികൾ തുള്ളൽപ്പാട്ട് വായിച്ച് ഗ്രൂപ്പുകളായി ഈണം, താളം, ആശയം എന്നിവ ഉൾക്കൊണ്ട് ഭാവാത്മകമായി അവതരിപ്പിക്കുന്നു. പ്രാഥമിക അവതരണത്തിനുശേഷം അവതരണം ഒന്നുകൂടി മെച്ചപ്പെടുത്തുന്നതിനാവശ്യമായ ചർച്ചകൾ ആവാം.

**ചർച്ചാചോദ്യങ്ങൾ**

- അവതരിപ്പിച്ചവയിൽ ഏറ്റവും അനുയോജ്യമായ താളം ഏതാണ്?
- ആശയം കൂടുതൽ മനസ്സിലാക്കുന്നത് ഏതു ഗ്രൂപ്പിന്റെ അവതരണത്തിൽ നിന്നാണ്?
- കവിതചൊല്ലുമ്പോൾ എന്തെങ്കിലും നേരിൽക്കാണുന്നതുപോലെ തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ എന്ത്? ഏതു ഗ്രൂപ്പ് പാടിയപ്പോൾ?

രണ്ടോ മൂന്നോ കുട്ടികൾ ഒന്നുകൂടി മെച്ചപ്പെടുത്തി ആലപിച്ച ശേഷം അധ്യാപകൻ ഭാവാത്മകമായി പാടി അവതരിപ്പിക്കുന്നു. കുട്ടികൾക്കു ഏറ്റുപാടുകയുമാവാം.

- ഈ കവിതയിലൂടെ കുഞ്ചൻ നമ്പ്യാർ ഭീമനെ നമുക്കു പരിചയപ്പെടുത്തിത്തരുന്നത് എങ്ങനെയെല്ലാമാണ്? കുട്ടികളുടെ സ്വതന്ത്രപ്രതികരണങ്ങൾ ബ്ലാക്ക് ബോർഡിൽ/ ചാർട്ടിൽ ആശയ ഭൂപടമാതൃകയിൽ അടയാളപ്പെടുത്താം.




ഈയവസരത്തിൽ കവിതയിലെ ഭീമനെ പരിചയപ്പെടുന്നതിൽ കുട്ടികൾക്കുള്ള പ്രയാസങ്ങളെ കുറിച്ച് ഒരു ലഘു ചർച്ചയാകാം. ഗ്രൂപ്പിൽ പ്രയാസങ്ങൾ കുറിക്കട്ടെ.

- ഏതെല്ലാം പദങ്ങളുടെ അർഥമാണ് പ്രയാസമായി തോന്നുന്നത്?
- വണ്ണൻവാഴയുടെ വളർച്ച- പൊണ്ണത്തടിയൻ ഈ രണ്ടു പ്രയോഗങ്ങൾ തമ്മിലുള്ള ബന്ധമെന്താണ്? ഇതുപോലെ മറ്റേതെങ്കിലും പ്രയോഗങ്ങളുടെ അർഥം തിരിച്ചറിയാത്തതായി ഉണ്ടോ?
- ആദ്യവരിയിലെയും രണ്ടാം വരിയിലെയും ഏതെല്ലാം പദങ്ങളാണ് ചേർത്തു വായിക്കേണ്ടത്?
- കണ്ണറിയാത്ത പിതാവ് - ഇവിടെ കഥയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമായി വരുന്നില്ലേ?
- ഭീമനെക്കുറിച്ച് കവിതയിൽനിന്നു ലഭിക്കുന്നതിനേക്കാൾ മറ്റു വിവരങ്ങൾ ആവശ്യമില്ലേ? (കഥയും കഥാപാത്രവും അറിയാതിരിക്കൽ)



വിവിധ ഗ്രൂപ്പുകൾ കണ്ടെത്തിയ പ്രയാസമുള്ള പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ക്ലാസ്തല ചാർട്ടിൽ രേഖപ്പെടുത്താം. തുടർന്ന് ഓരോ ഗ്രൂപ്പും കവിത ആശയ ഗ്രഹണത്തിനുതകുന്ന വിധത്തിൽ ഒന്നാം വരിയും രണ്ടാംവരിയും തമ്മിൽ ചേർത്തു വായിക്കേണ്ട രീതിയിൽ കവിത വായിക്കട്ടെ. അതിനുശേഷം വീണ്ടും പ്രയാസമുള്ള പദങ്ങളുടെ/ പ്രയോഗങ്ങളുടെ അർഥങ്ങൾ മാത്രം വിശദീകരിക്കാം. തുടർന്ന് കഥാസന്ദർഭം വായനാസാമഗ്രി ഓരോ ഗ്രൂപ്പിനും നൽകാം.

## വായനാസാമഗ്രി

മഹാഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് കൗരവരും പാണ്ഡവരും തമ്മിലുള്ള കഥകൾ. ഹസ്തിനപുരത്തിലെ വിചിത്രവീര്യന്റെ പുത്രന്മാരായിരുന്നു ധൃതരാഷ്ട്രരും പാണ്ഡുവും. ധൃതരാഷ്ട്രർ ജന്മനാ കാഴ്ചയില്ലാത്തവനായിരുന്നു. അതിനാൽ ധൃതരാഷ്ട്രമഹാരാജാവ് രാജഭരണകാര്യങ്ങൾ പാണ്ഡുവിനെയാണ് ഏൽപിച്ചിരുന്നത്. ധൃതരാഷ്ട്രർക്ക് നൂറ് ആൺകുട്ടികളും ഒരു പെൺകുട്ടിയുമാണ് ഉണ്ടായിരുന്നത്. ഇവർ കൗരവന്മാർ എന്ന പേരിൽ അറിയപ്പെട്ടു. പാണ്ഡു പുത്രന്മാരാണ് പാണ്ഡവന്മാർ. അവർ അഞ്ചുപേരാണ് ഉണ്ടായിരുന്നത്. അവരിൽ മഹാപരാക്രമിയായിരുന്നു ഭീമസേനൻ. കുട്ടിക്കാലത്ത് കൗരവരും പാണ്ഡവരും ഹസ്തിനപുരിയിൽ കഴിഞ്ഞിരുന്ന സമയത്ത് കൗരവർക്ക് പാണ്ഡവന്മാരോട് അസൂയയും വിദ്വേഷവും ഉണ്ടായിരുന്നു. പാണ്ഡവന്മാരെല്ലാം ശക്തിശാലികളും ബുദ്ധിമാന്മാരുമായിരുന്നു. കൗരവരോട് കൊച്ചു കുസൃതികൾ കാണിക്കുക ഭീമസേനന്റെ ഒരു വിനോദമായിരുന്നു. ഭീമന്റെ ശക്തിയും ആരോഗ്യവും കണ്ട് ഭയമുള്ളവരായിരുന്നു ധൃതരാഷ്ട്രപുത്രന്മാരായ ദുര്യോധനനും മറ്റും. എന്നാൽ ധൃതരാഷ്ട്രർക്ക് കൗരവന്മാരോടും പാണ്ഡവന്മാരോടും അക്കാലത്ത് വളരെ വാത്സല്യമായിരുന്നു.

ഒരിക്കൽ ധൃതരാഷ്ട്ര മഹാരാജാവിനോട് മക്കളായ ദുര്യോധനനും മറ്റും പാണ്ഡവന്മാരിൽ മഹാപരാക്രമിയായ ഭീമസേനനെക്കുറിച്ച് പരാതിപറയുന്നതാണ് ഈ കവിതാഭാഗം

"അച്ഛനു ഞങ്ങളിലുള്ളൊരു കനിവതു
തുച്ഛമതാവാനെന്തവകാശം?
കുന്തീസുതരിൽക്കൂറുണ്ടാവാ-
നെന്തൊരു ബന്ധമതും കേൾക്കേണം?"

എന്നു പറഞ്ഞുകൊണ്ട് കുട്ടിഭീമന്റെ കുസൃതികൾ ഓരോന്നായി വിവരിക്കുന്നു.

**നമ്പ്യാരുടെ ഭീമൻ**

വായനാസാമഗ്രിയും കവിതയും ചേർത്തു വായിച്ചുകൊണ്ട് പാഠഭാഗത്തിലെ നമ്പ്യാരുടെ ഭീമൻ എന്ന പട്ടിക വ്യക്തിഗതമായി കുട്ടികൾ പൂർത്തിയാക്കട്ടെ. പൂർത്തിയാക്കിയ പട്ടിക ഗ്രൂപ്പിൽ പങ്കുവെയ്ക്കട്ടെ. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ, ഭേദഗതികൾ എന്നിവ ഉണ്ടാക്കി പൊതു അവതരണത്തിന് തയ്യാറെടുക്കട്ടെ. പൊതു അവതരണത്തിലൂടെ ക്ലാസിൽ - നമ്പ്യാരുടെ ഭീമൻ - പട്ടിക രൂപപ്പെടുന്നു. ഒപ്പം പാഠത്തിലെ ഭീമന്റെ ചിത്രത്തിനു യോജിച്ച പദ്യഭാഗം ഓരോ ഗ്രൂപ്പും എടുത്തു ചൊല്ലുകയുമാവാം.

**പഠനത്തെളിവ് - നമ്പ്യാരുടെ ഭീമൻ (പട്ടിക)**

എങ്ങനെ വിലയിരുത്താം?

- ഭീമന്റെ രൂപം, ഭക്ഷണക്കമ്പം, ഭീമൻ മറ്റുള്ളവരെ ഭയപ്പെടുത്തുന്നത് എന്നീ മേഖലകളിൽനിന്ന് ആവശ്യമായവ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഗ്രൂപ്പിൽ മറ്റുള്ളവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്.
- ചർച്ചയിൽ തന്റെ വിഷയത്തിലേക്ക് മറ്റുള്ളവരുടെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്.
- തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.
- അവതരണ സമയത്ത് മറ്റു ഗ്രൂപ്പുകൾ അവതരിപ്പിച്ചവയിൽ വിട്ടുപോയവ എടുത്തു പറയുന്നുണ്ട്.
-

**വിവരണം തയാറാക്കാം.**

ഇനി 'നമ്പ്യാരുടെ ഭീമൻ' എന്ന പട്ടിക, കവിത, ചിത്രം, വായനാസാമഗ്രി എന്നിവ ഉപയോഗിച്ച് ഭീമനെ വിവരിച്ചെഴുതട്ടെ. കുട്ടികൾ വ്യക്തിഗതമായി തയാറാക്കി ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെട്ട വിവരണം കണ്ടെത്തട്ടെ. അവതരണത്തിനു മുമ്പുതന്നെ മെച്ചപ്പെട്ടത് കണ്ടെത്തിയ വിധം ഓരോ ഗ്രൂപ്പും പറയുന്നു. ഗ്രൂപ്പിന്റെ തെരഞ്ഞെടുപ്പിന്റെ പ്രക്രിയ വിശദമാക്കാനുതകുന്ന ചർച്ചാചോദ്യങ്ങൾ ആവശ്യാനുസരണം ഉന്നയിക്കേണ്ടിവരുമല്ലോ.



- നല്ലൊരു വിവരണത്തിന് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരിക്കും?
- 'ഒരു വെള്ളപ്പൊക്കത്തിന്റെ ഓർമ്മ' എന്ന പാഠത്തിൽ മറ്റുള്ളവരുടെ വിവരണം നിങ്ങൾ പരിശോധിച്ച് അഭിപ്രായം പറഞ്ഞതെങ്ങനെ?
- ഭീമസേനനെ നേരിൽക്കാണുന്നതുപോലെ തോന്നിപ്പിക്കുമാറ് ഉപയോഗിച്ചിരിക്കുന്ന വാക്യമാതൃകകൾ പ്രത്യേകം എടുത്തു പറയാമോ?

അവതരണത്തിനു ശേഷം ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു. കുട്ടികൾ അവരുടെ വിവരണം മെച്ചപ്പെടുത്തി എഴുതി അവതരിപ്പിക്കട്ടെ.

**താളമിട്ടു പാടാം.**

പാഠപുസ്തകത്തിലെ പേജ് 33 ലെ താളമിട്ടുപാടാം കുട്ടികൾ സംഘമായി പാടി അവതരിപ്പിക്കട്ടെ. മാർഗംകളി, ഒപ്പന, ദഫ്, തിരുവാതിര തുടങ്ങിയ കലാരൂപങ്ങളുടെ പാട്ടുകൾ ശേഖരിച്ച് താളമിട്ടുപാടി അവതരിപ്പിക്കാൻ അവസരമൊരുക്കണം.

**വേഷവിധാനം**

പാഠപുസ്തകത്തിലെ പേജ് 31 ലെ ശീതങ്കൻ തുള്ളലിന്റെ വേഷവിധാനം അല്പഭാഗം ചാർട്ടിൽ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഇനിയും വേണ്ട കൂട്ടിച്ചേർക്കലുകൾ വാക്യങ്ങളായി നിർദ്ദേശിക്കട്ടെ. അപ്പോൾ ആശയത്തിന്റെ തുടർച്ചകിട്ടത്തക്കവിധം അവ ചാർട്ടിൽ ഉൾപ്പെടുത്താം.

വേഷക്കാരൻ മഞ്ഞപ്പൊടികൊണ്ട് മുഖം മിനുക്കിയിട്ടുണ്ടാവും. കണ്ണും പുരികവും വാലിട്ടെഴുതിയിരിക്കുന്നു. ചുണ്ടിൽ ചായം തേച്ചിരിക്കുന്നു. കുരുത്തോലകൊണ്ടുള്ള ആഭരണങ്ങൾ അണിഞ്ഞിട്ടുണ്ട്. ....................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................

ഈ വേഷത്തെ വിവരിച്ചെഴുതാൻ ഇനി എന്തൊക്കെ കൂട്ടിച്ചേർക്കേണ്ടതുണ്ട്? കുട്ടികൾ ചിത്രം നോക്കി നിർദ്ദേശിക്കട്ടെ. പൊതുചർച്ചയിലൂടെ എഡിറ്റ് ചെയ്ത് കൂട്ടിച്ചേർത്ത് ചാർട്ടിൽ എഴുതിവയ്ക്കാം.

- വെള്ളത്തുണി നീളത്തിൽ തുന്നിച്ചേർത്തു ഞൊറിഞ്ഞുടുത്തിരിക്കുന്നു.
- കാലുകൾ ചലിപ്പിക്കുന്നു.
- കൈ മുദ്രകൾ കാട്ടുന്നു.
- കാലിൽ കച്ചമണി അണിഞ്ഞിട്ടുണ്ട്.
- 



തുടർന്ന് പേജ് 33 ലെ അറബനമുട്ട് എന്ന കലാരൂപത്തിന്റെ ഉപകരണം വേഷവിധാനം തുടങ്ങിയവ കുട്ടികൾ വിവരിച്ചെഴുതി അവതരിപ്പിക്കട്ടെ.

## മോഡ്യൂൾ രണ്ട്

ആശയം : • തുള്ളൽക്കവിത നമ്മെ രസിപ്പിക്കുന്നതോടൊപ്പം ചിന്തിപ്പിക്കുകയും ചെയ്യുന്നു.
• കവിതയിലെ ആശയം, അർത്ഥഭംഗി, ശബ്ദഭംഗി എന്നിവ ഉൾപ്പെടുത്തിയാണ് ആസ്വാദനക്കുറിപ്പ് എഴുതുന്നത്.

കരുതേണ്ട സാമഗ്രികൾ: • നമ്പ്യാരും തുള്ളൽപ്പാട്ടും (വായനാസാമഗ്രി)
• ഗണപതി പ്രാതൽ (തുള്ളൽപ്പാട്ട്)
• സി.ഡി കൾ- ഓട്ടൻതുള്ളൽ, വിവിധ കലാരൂപങ്ങൾ
• സ്വയം വിലയിരുത്തൽ ടൂളുകൾ.

പ്രതീക്ഷിത സമയം : • 6 മണിക്കൂർ

### സി.ഡി പ്രദർശനം/ തുള്ളൽ അവതരണം

തുള്ളലിന്റെ സി.ഡി ക്ലാസ്സിലെ കുട്ടികൾക്കായി പ്രദർശിപ്പിക്കുക. വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഓട്ടൻതുള്ളൽ, സമീപത്തുള്ള ഉൽസവങ്ങൾ, ക്ലബുകളുടെ വാർഷികങ്ങൾ എന്നിവയോടനുബന്ധിച്ചുള്ള തുള്ളൽ പ്രദർശനം ഇവ ഉണ്ടെങ്കിൽ പ്രത്യേകം ഉപയോഗപ്പെടുത്താവുന്നതാണ്. സി.ഡി പ്രദർശനത്തിനു ശേഷം വിശകലന ചോദ്യങ്ങളാകാം.

- ഈ കലാരൂപം നിങ്ങൾക്കിഷ്ടമായോ?
- ഈ കലയുടെ ഏതു പ്രത്യേകതയാണ് നിങ്ങളെ ഏറ്റവും കൂടുതൽ ആകർഷിച്ചത്?
- തുള്ളൽക്കാരൻ കാണികളെ ചൂണ്ടിക്കാട്ടി പാടി അഭിനയിക്കുന്നത് നിങ്ങളെ ഈ കലയോട് കൂടുതൽ അടുപ്പിക്കുന്നുണ്ടോ?
- കുറിക്കുകൊള്ളുന്ന എന്തൊക്കെ പരിഹാസങ്ങൾ ഇതിലുണ്ടായിരുന്നു?
- തുള്ളൽക്കവിതയുടെ പ്രധാനപ്പെട്ട പ്രത്യേകതകൾ എന്തൊക്കെയാണ്?
-

### ശബ്ദഭംഗി കണ്ടെത്തൽ

ടി.ബിയിൽ നൽകിയ ശബ്ദഭംഗി കണ്ടെത്താനുള്ള ഭാഗങ്ങൾ കുട്ടികൾ വ്യക്തിഗതമായി പരിശോധിക്കുന്നു. വരികളിൽ ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ കണ്ടെത്തുന്നു. ഇത് തുള്ളൽക്കവിതയുടെ ശബ്ദഭംഗിയെ എത്രമാത്രം സഹായിക്കുന്നുവെന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. ഗ്രൂപ്പിൽ പഠനം നടക്കുന്നതിന് ആവശ്യമായ ചില ചോദ്യങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കാം.

- ആശയത്തിന് അനുയോജ്യമായ വരികൾ തന്നെയാണോ?
- വരികൾക്കിണങ്ങുന്ന പദങ്ങൾ തന്നെയാണോ?
- "ഉള്ളത്തിൽ ഭയമേറുകമൂലം വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു" - ഈ വരികളിൽ ഉള്ളത്തിൽ എന്ന പദത്തിനുപകരം മറ്റെന്തെങ്കിലുമായാൽ അത് തുള്ളൽപ്പാട്ടിന്റെ ഭംഗിയെ എങ്ങനെയാണ് ബാധിക്കുക?
-
-

തുടർന്ന് ഗണപതിപ്പ്രാതൽ എന്ന തുള്ളൽപ്പാട്ട് (വായനാസാമഗ്രി) ഗ്രൂപ്പിന് നൽകുന്നു.

**ഗണപതി പ്രാതൽ**

കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകഥയിലെ ഒരു ഭാഗമാണിത്. മഹാധനികനും അഹങ്കാരിയുമായ കുബേരൻ ഒരു ദിവസം ഗണപതിക്ക് വയറു നിറയെ ഊണുകൊടുക്കാൻ ആഗ്രഹിച്ച് തന്റെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. വിശപ്പുമാറി ഒരു നേരം പാവം നിറച്ചുണ്ണട്ടെ എന്നു വിചാരിച്ചാണ് കുബേരൻ ഈ സാഹസം ചെയ്തത്. ആ അഹങ്കാരത്തിന് കുട്ടിക്കൊമ്പൻ പകരം വീട്ടിയ കഥയാണിത്.

വായനാസാമഗ്രി

**ഗണപതിപ്രാതൽ**

ഇലയുടെയരികെ പലകയുമിട്ടു
വലിയൊരു ഗണനാഥനെയുമിരുത്തി
നല്ലൊരു ചോറും കദളീഗുളവും
നറുനെയ്യീവകയൊക്കെ വിളമ്പി.

അമ്പൊടു ഗണിപതി തന്നുടെമടിയിൽ
കുമ്പയൊതുക്കീട്ടൂണു തുടങ്ങി
ഝടിതി വിളമ്പിന വിഭവമതെല്ലാം
ഝട ഝടനെന്നമൃതേത്തു കഴിച്ചു.

കോരിക വെച്ചവർ വട്ടിയെടുത്താ
ച്ചോറുകൾ കൊണ്ടു വിളമ്പു തുടങ്ങി
ചട്ടമതൊന്നു പകർന്നതു കണ്ടവർ
വട്ടളമാശു ചരിച്ചു വിളമ്പി.

തുമ്പിക്കരവും പൊക്കിപ്പരിചൊടു
വമ്പൻവായ പിളർന്നുവശായി!
ചോറതൊടുങ്ങി കറിയതൊടുങ്ങി
വീരൻ ധനപതിയൊന്നു നടുങ്ങി.

വെച്ചൊരു ചോറും കറികളുമെല്ലാം
കൊറ്റു ഗണേശൻ കൊറ്റു കഴിച്ചു
കുലയതെടുത്തു കുടഞ്ഞു പഴങ്ങൾ
കുലയുടെ കൂടെയതൊക്കെയൊടുങ്ങി.

പച്ചക്കായും പപ്പടവും പല
പച്ചക്കോപ്പുകളൊക്കെയൊടുങ്ങി
തൈരതൊടുങ്ങി മോരതൊടുങ്ങി
സ്വൈരം കുംഭവുമൊക്കെത്തീർന്നു.

ഉപ്പും മുളകും ചപ്പും ചിപ്പും
ക്ഷിപ്രം ഗണപതിയപ്പടി തിന്നു.

### വായനാസാമഗ്രി

## കുഞ്ചൻ നമ്പ്യാരും തുള്ളൽപ്പാട്ടും

നമ്പ്യാർ അവതരിപ്പിച്ച തുള്ളലിന്റെ ഉത്ഭവത്തെപ്പറ്റി പ്രസിദ്ധമായ ഒരു കഥയുണ്ട്. അമ്പലപ്പുഴ ക്ഷേത്രത്തിൽ ഉത്സവത്തിന് കൂത്തു നടത്തുന്ന പതിവുണ്ടായിരുന്നു. പണ്ടൊക്കെ കൂത്തു നടത്തിയിരുന്നതു ചാക്യാൻമാരായിരുന്നു. കൂത്തിനു അകമ്പടിയായി മിഴാവു കൊട്ടിയിരുന്നത് നമ്പ്യാർമാരും.

ഒരിക്കൽ അമ്പലപ്പുഴ ക്ഷേത്രത്തിൽ ചാക്യാർകൂത്തു നടക്കുകയായിരുന്നു. കൂത്തിനു മിഴാവു കൊട്ടിക്കൊണ്ടിരുന്ന കുഞ്ചൻ നമ്പ്യാർ ഇടയ്ക്ക് അല്പമൊന്നുറങ്ങിപ്പോയി. സ്വതേ പരിഹാസചതുരനായ ചാക്യാർ, നമ്പ്യാരെ കണക്കറ്റു പരിഹസിച്ചു. അപമാനിതനായ നമ്പ്യാർ ചാക്യാരോടു പകരം വീട്ടാൻ നിശ്ചയിച്ചു. പിറ്റേദിവസം ചാക്യാർകൂത്തു തുടങ്ങിയ സമയത്തു നമ്പ്യാർ അതിനടത്തുതന്നെ പുതിയൊരു വേഷവിധാനത്തോടുകൂടി രസകരമായൊരു കലാവിരുന്നൊരുക്കി.

“നാട്ടിൽ പ്രഭുക്കളെ കണ്ടാലറിയാത്ത
കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങു നീ”

എന്നും മറ്റും പാടിത്തുള്ളുന്ന നമ്പ്യാരുടെ പുതിയ കളികാണാൻ ചാക്യാരുടെ മുന്നിലിരുന്ന കാണികൾ ഓടിക്കൂടി. തന്റെ കലാപ്രകടനത്തിനു കാഴ്ചക്കാരില്ലാതെ ചാക്യാർ ഇളിഭ്യനായിപ്പോയി. പാഞ്ചാലിയുടെ ആഗ്രഹമനുസരിച്ച് ഭീമസേനൻ കല്യാണസൗഗന്ധികം തേടിപ്പോയ കഥയാണു നമ്പ്യാർ പാടി അവതരിപ്പിച്ചത്. ഈ കഥ പിന്നീട് കല്യാണസൗഗന്ധികം തുള്ളൽ എന്ന പേരിൽ പ്രസിദ്ധമായി. ഇതിനു പുറമേ സ്യമന്തകം, കിരാതം, സഭാപ്രവേശം, ഘോഷയാത്ര തുടങ്ങിയ ധാരാളം തുള്ളൽപ്പാട്ടുകൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

പറയൻ, ശീതങ്കൻ, ഓട്ടൻ എന്നിങ്ങനെ തുള്ളൽ മൂന്നുവിധമുണ്ട്. പതിഞ്ഞമട്ടിൽ പാടി അഭിനയിക്കുന്നതാണ് പറയൻതുള്ളൽ. കുറേക്കൂടി മുറുകിയ താളത്തിലാണ് ശീതങ്കൻ തുള്ളൽ നടത്തുന്നത്. കൂടുതൽ വേഗത്തിൽ പാടി അഭിനയിക്കുന്നത് ഓട്ടൻ തുള്ളലാണ് ഏറെ പ്രചാരത്തിലുള്ളത്.

കുഞ്ചൻ നമ്പ്യാരുടെ തുള്ളൽപ്പാട്ടുകൾ എല്ലാവരേയും ഒരുപോലെ രസിപ്പിക്കുന്നവയാണ്. ആളുകളുടെ ധനമോഹം, പൊങ്ങച്ചം, ഭീരുത്വം, അലസത, സ്വാർത്ഥത, മദ്യപാനം തുടങ്ങിയ ദുർഗുണങ്ങളെ അദ്ദേഹം തന്റെ തുള്ളൽപ്പാട്ടുകളിലൂടെ പരിഹസിച്ചിട്ടുണ്ട്.

### കവിതയിലെ ഇഷ്ടവരികൾ

ഗണപതിപ്രാതൽ എന്ന കവിതയിലെ ഇഷ്ടപ്പെട്ട വരികൾ ഓരോരുത്തരും എടുത്തു പറയട്ടെ.

"കുലയതെടുത്തു കുടഞ്ഞു പഴങ്ങൾ
കുലയുടെ കൂടെയതൊക്കെയൊടുങ്ങി"

ഈ വരികളിൽ അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്നത് കണ്ടില്ലേ. ഇത്തരത്തിൽ കവിതാഭാഗത്ത് ആവർത്തിച്ചു വരുന്ന അക്ഷരങ്ങളും പദങ്ങളും എടുത്തു പറയട്ടെ.

### താരതമ്യം ചെയ്യാം

ഭീമന്റെ കുസൃതികൾ, ഗണപതിപ്രാതൽ എന്നിവ താരതമ്യം ചെയ്ത് രണ്ടിലും പൊതുവായി കാണുന്ന സവിശേഷതകൾ ഓരോ ഗ്രൂപ്പും കണ്ടെത്തട്ടെ.

- ശബ്ദഭംഗി
- ആശയസാമ്യത
- രൂപവർണന
- 

### പരിഹാസശരങ്ങൾ

നമ്പ്യാരുടെ കൃതികളിൽ നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന എന്തെല്ലാം സവിശേഷതകൾ കണ്ടെത്താം? പേജ് 88 ൽ നൽകിയിരിക്കുന്ന വായനാസാമഗ്രി കൂടി വായിച്ച് കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

### പട്ടികപൂരിപ്പിക്കൽ

ടി.ബി യിലെ പരിഹാസശരങ്ങൾ പട്ടിക വ്യക്തിഗതമായി പൂരിപ്പിച്ച് ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ, ആശയവ്യക്തത എന്നിവ ഉണ്ടാക്കി ഗ്രൂപ്പ് പൊതുവായി അവതരിപ്പിക്കുന്നു. തുടർന്ന് ക്ലാസിൽ പൊതുവായി പരിഹാസശരങ്ങൾ ചാർട്ട് രൂപപ്പെടുന്നു.

### ആസ്വാദനക്കുറിപ്പ്

ഭീമന്റെ കുസൃതികൾ എന്ന തുള്ളൽപ്പാട്ട് നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നുണ്ടോ? കവിതയെക്കുറിച്ച് കുട്ടികൾ ഒരു കുറിപ്പ് തയാറാക്കട്ടെ. ആസ്വാദനക്കുറിപ്പ് തയാറാക്കുമ്പോൾ പഠനപ്രവർത്തനങ്ങളിൽ നിന്ന് കുട്ടികൾ നേരത്തെ തയാറാക്കിയ ഉല്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുമല്ലോ.

- നമ്പ്യാരുടെ ഭീമൻ - വിവരണം, പട്ടിക,
- കുഞ്ചൻ നമ്പ്യാരും തുള്ളൽപ്പാട്ടും - വായനാസാമഗ്രി.
- പരിഹാസശരങ്ങൾ - പട്ടിക
- ശബ്ദഭംഗി കണ്ടെത്തിയ ചർച്ചാക്കുറിപ്പ്.
- 

വ്യക്തിഗതമായി തയാറാക്കിയ ആസ്വാദനക്കുറിപ്പ് ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെട്ടത് കണ്ടെത്തുന്നു. മെച്ചപ്പെട്ടത് കണ്ടെത്തിയ പ്രക്രിയ ചോദ്യങ്ങളിലൂടെ വിശദമാക്കപ്പെടുന്നു.

- അക്ഷരാവർത്തനം, ശബ്ദഭംഗി എന്നീ സവിശേഷതകൾ കൂടുതൽ വിശദമാക്കി അവതരിപ്പിച്ചത് ആരുടെ രചനയിലാണ്?
- ഭീമനെ കവി വർണിച്ചിരിക്കുന്നതിനെക്കുറിച്ച് സ്വന്തം അഭിപ്രായം ആരുടെ രചനയിലാണ് വ്യക്തമാക്കുന്നത്?
- ശീർഷകവും കവിതയും തമ്മിലുള്ള ബന്ധം സൂചിപ്പിച്ചിട്ടുണ്ടോ?
- പരിഹാസശരങ്ങൾ എന്ന പട്ടിക, ഗണപതി പ്രാതൽ എന്ന കവിത ഇവയിലെ സവിശേഷതകൾ ബന്ധപ്പെടുത്തി പറഞ്ഞിട്ടുണ്ടോ?
- 

ചോദ്യങ്ങളെക്കുറിച്ചുള്ള ചർച്ച കഴിഞ്ഞാൽ ഒന്നുകൂടി രചന പുന:പ്പരിശോധിക്കാനുള്ള അവസരം ഗ്രൂപ്പുകൾക്കു നല്കാം. തുടർന്ന് അവതരണത്തിനുശേഷം കുട്ടികൾ സൂചകങ്ങൾവച്ച് സ്കോർ നല്കി അഭിപ്രായം പറയട്ടെ. ടീച്ചർ വേർഷൻ അവതരിപ്പിച്ചതിനുശേഷം കുട്ടികൾ രചനകൾ മെച്ചപ്പെടുത്തി എഴുതുന്നു.

**പഠനത്തെളിവ് - ആസ്വാദനക്കുറിപ്പ്**

ഉല്പന്നത്തോടൊപ്പം പഠനപ്രക്രിയ വിലയിരുത്തുന്നതിന് താഴെപ്പറയുന്ന സൂചകങ്ങൾ വച്ച് അധ്യാപകന് നിരീക്ഷിക്കാവുന്നതാണ്.

- നേരത്തെ നിർമിച്ച പഠന ഉല്പന്നങ്ങൾ റഫർ ചെയ്യുന്നുണ്ട്.
- മെച്ചപ്പെട്ടത് കണ്ടെത്തിയ വിധം വിശദമാക്കുന്നുണ്ട്.
- ടീച്ചർ വേർഷനിൽ നിന്ന് അനുയോജ്യമായ ആശയം, നിരീക്ഷണങ്ങൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്.
- ആസ്വാദനക്കുറിപ്പിന്റെ സ്വയം വിലയിരുത്തൽ വസ്തുനിഷ്ഠമായി രേഖപ്പെടുത്തിയിട്ടുണ്ട്.

## അറബനമുട്ട്

മുസ്ലീങ്ങളുടെ ഇടയിൽ പ്രചാരമുള്ള ഒരു കലാരൂപമാണ് അറബനമുട്ട്. അറബന എന്ന വാദ്യോപകരണം കൈകൊണ്ട് മുട്ടിയാണ് കളിക്കുന്നത്. താളപ്രയോഗത്തിനാണ് അറബന ഉപയോഗിച്ചിരുന്നത്. മരച്ചട്ട കൊണ്ടാണ് അറബന നിർമിച്ചിരിക്കുന്നത്. മരച്ചട്ടയ്ക്ക് ഒന്നര ചാണെങ്കിലും വിസ്താരമുണ്ടാകണം. അഞ്ച് ഇഞ്ചോളം വീതിയും കാണും. തോലുകൊണ്ടാണ് മരച്ചട്ടപൊതിയുന്നത്. ആട്ടിൻതോലോ മൂരിക്കുട്ടന്റെ തോലോ ഇതിന് ഉപയോഗിക്കാം. പിത്തളവാറ് കൊണ്ട് കിലുക്കങ്ങളും കെട്ടും.

ബൈത്തിന്റെ ഈണത്തിന് അനുസരിച്ച് ഇടത്തോട്ടും വലത്തോട്ടും ചാഞ്ഞ് കൊണ്ടാണ് കളിക്കുന്നത്. പതിഞ്ഞ ചലനങ്ങളോടെ തുടങ്ങി ക്രമേണ വേഗത കൂടും. കളിക്കാർ കൈത്തണ്ട, മൂക്ക് തോൾ, തുടങ്ങിയ ശരീരഭാഗങ്ങളിൽ മുട്ടിയും തട്ടിയും ശബ്ദമുണ്ടാകും. ആശാൻ ബൈത്തു ചൊല്ലിക്കൊടുക്കുന്നത് കളിക്കാർ ഏറ്റുപാടും.

## യൂണിറ്റ് ആമുഖ പേജിലെ ചിത്രങ്ങൾ

പുലിക്കളി



തെയ്യം



മോഹിനിയാട്ടം



കഥകളി





മാന്നാൻ കൂത്ത്

തുള്ളൽ





ഒപ്പന

പറയൻ പൂതം



## സ്വയം വിലയിരുത്തൽ - ആസ്വാദനക്കുറിപ്പ്

| നമ്പർ | സൂചകങ്ങൾ | പൂർണ്ണമായി | ഭാഗികമായി |
|---|---|---|---|
| 1 | ആകർഷകമായ തുടക്കം, തുടർച്ച അവസാനം എന്നിവയുണ്ട്. | | |
| 2 | ദൈർഘ്യം കൂടിയ വാക്യങ്ങളിലും ലഘുവാക്യങ്ങളിലും എഴുതാൻ കഴിയുന്നുണ്ട്. | | |
| 3 | വ്യത്യസ്ത പദങ്ങൾ, വിശേഷണങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. | | |
| 4 | ആശയം മനസ്സിലാകുന്നുണ്ടെന്ന് മറ്റുള്ളവർ പ്രതികരിക്കുന്നുണ്ട്. | | |

## മന്നാൻ കൂത്ത്

മന്നാന്മാരുടെ ഇടയിൽ പ്രചാരമുള്ള അനുഷ്ഠാന കലാരൂപമാണ് മന്നാൻകൂത്ത്. ഇടുക്കി ജില്ലയിലെ വനമേഖലയിൽ ജീവിക്കുന്ന ആദിവാസി വിഭാഗമാണ് മന്നാൻ. മന്നാൻ കൂത്തിന് "കാലാവൂട്ട്" എന്ന പേരുണ്ട്. വിളവെടുപ്പുമായി ബന്ധമുള്ള ഒരു കലാരൂപമാണിത്. കോവിലന്റെയും കണ്ണകിയുടെയും കഥയാണ് ഇതിലെ പ്രമേയം.

## പുലികളി

മൃഗങ്ങളുടെ നിറം പൂശിയും രൂപങ്ങൾ അണിഞ്ഞും കൊണ്ടുള്ള കളി പല രാജ്യങ്ങളിലും പ്രചാരത്തിലുണ്ട്. നായാട്ട് നടത്തിയിരുന്ന ആദിമ മനുഷ്യന്റെ വിനോദമായിട്ടുവേണം ഇതിനെ കാണാൻ, മദ്ധ്യകേരളത്തിൽ പുലിക്കളിയെന്നും തെക്കൻ ജില്ലകളിൽ കടുവകളി എന്നും പേരിലുള്ള കലാരൂപങ്ങൾ ഇത്തരത്തിലുള്ളവയാണ്. തൃശൂരിൽ ഓണക്കാലത്താണ് പുലിക്കളി അവതരിപ്പിക്കുന്നത്.

## വേലകളി

മദ്ധ്യ തിരുവിതാംകൂറിലെ അനുഷ്ഠാനപരമായ ആയോധനകലയാണ് വേലകളി. അമ്പലപ്പുഴ അഥവാ ചെമ്പകശ്ശേരിയിലാണ് വേലകളി രൂപം കൊണ്ടത് എന്നു വിശ്വസിപ്പിക്കപ്പെടുന്നു. മഹാഭാരത യുദ്ധത്തിന്റെയോ ദേവാസുരയുദ്ധത്തിന്റെയോ സങ്കല്പമാണ് ഇതിന്റെ പിന്നിലെന്നാണ് വിശ്വാസം. അമ്പതിലേറെ ആളുകൾ പങ്കെടുക്കും. കളിസംഘം പരിചയും ചുരികയും ഏന്തി അരയിൽ കച്ചയോ പട്ടയോ ധരിച്ചിരിക്കും. കണ്ണെഴുതി ചന്ദനക്കുറിയും തൊടും.

## പൂതനും തിറയും

പാലക്കാടും ചുറ്റിലും പ്രചാരത്തിലുള്ള ഒരു കലാരൂപം.

# പുറപ്പാട്

കേരളത്തിലെ നാടൻകലകളിൽ പ്രമുഖമായൊരു സ്ഥാനം ഉത്തരകേരളത്തിലെ തെയ്യങ്ങൾക്കുണ്ട്. വൈരജാതൻ തെയ്യത്തിന്റെ വിവരണം, കൊടക്കാട്ട് കണ്ണൻ പെരുവണ്ണാന്റെ ചിലമ്പിട്ട ഓർമ്മകൾ എന്ന ആത്മകഥാഭാഗം പടയണിപ്പാട്ടിലെ ചിലവരികൾ, മുടിയേറ്റിനെക്കുറിച്ചുള്ള കുറിപ്പ്, നാടൻ കലകളുടെ ചിത്രങ്ങൾ എന്നിവയാണ് ഈ യൂണിറ്റിൽ ഒരുക്കിയ വിഭവങ്ങൾ. ഓരോ പ്രദേശത്തും തനതായ കലാരൂപങ്ങളുണ്ട് എന്ന ആശയരൂപീകരണം നടക്കുന്നതിനനുയോജ്യമായ വിധത്തിലാണ് പഠന പ്രവർത്തനങ്ങൾ വിന്യസിച്ചിരിക്കുന്നത്.

നാടൻകലകളുടെ സി.ഡികൾ, വിവരണം, ചുമർ പത്രിക എന്നിവ പരിശോധിച്ച് പ്രാദേശിക വൈവിധ്യം ഉൾക്കൊണ്ട് ചർച്ചചെയ്യാനും ആത്മകഥാഭാഗം വായിച്ച് പ്രാദേശിക ജീവിതവുമായി ബന്ധപ്പെട്ടവയാണ് നാടൻ കലകൾ എന്നു തിരിച്ചറിയാനും കുട്ടികൾക്കു കഴിയണം. ഇതിൽ നല്കിയ ചുമർ പത്രിക വിശകലനം ചെയ്യാനും തന്റെ പ്രദേശത്തെ നാടൻകലാരൂപങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വാർത്തകൾ, ലേഖനഭാഗങ്ങൾ, കവിതാശകലങ്ങൾ എന്നിവ പരിശോധിച്ച് ആകർഷണീയമായ രീതിയിൽ ചുമർ പത്രിക തയാറാക്കാനും കുട്ടികൾക്കു അവസരമൊരുക്കണം.

തന്റെ പ്രദേശത്തെ നാടൻകലകളെക്കുറിച്ചുള്ള കഥകൾ അറിയാനും അന്വേഷിക്കാനും പ്രേരണ നല്കുന്നതിന് ഇതിൽ നൽകിയ തെയ്യം കഥകൾ പ്രയോജനപ്പെടുത്തണം. അതോടൊപ്പം വിവിധ ആത്മകഥാരൂപങ്ങൾ പരിശോധിച്ച് സ്വാനുഭവങ്ങളെ ആത്മകഥാരൂപത്തിൽ ആവിഷ്ക്കരിക്കാനുള്ള ശേഷി വളർത്താനും ഈ പാഠത്തിലൂടെ ലക്ഷ്യമിടുന്നുണ്ട്.



**പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്ര വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ.**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • ഓരോ പ്രദേശത്തും തനതായ കലാരൂപങ്ങളുണ്ട്.<br>• വിവരണത്തിലൂടെ സംഭവങ്ങളെയും ദൃശ്യങ്ങളെയും നേരിക്കാണുന്നപോലെ അവതരിപ്പിക്കാൻ കഴിയുന്നു. തത്സമയം നടക്കുന്ന കാര്യങ്ങൾ പോലെ തോന്നിപ്പിക്കുന്ന വാക്യങ്ങൾ ഉൾപ്പെടുത്തുമ്പോഴാണ് വിവരണത്തിന് ചടുലത വർദ്ധിക്കുന്നത്. | • നാടൻ കലകളുടെ വിവരണ ഭാഗങ്ങൾ വായിച്ചു സി.ഡികൾ കണ്ടും കൊളാഷുകൾ പരിശോധിച്ചും പ്രാദേശിക വൈവിധ്യം ചർച്ച ചെയ്യുകയും തന്റെ പ്രദേശത്തെ നാടൻ കലാരൂപങ്ങളുടെ വിവരണം തയാറാക്കുകയും ചെയ്യുന്നു. | • പദങ്ങളുടെ പട്ടിക<br>• വാക്യങ്ങളുട ലിസ്റ്റ്<br>• ശ്രാവ്യവായന<br>• വിവരണം | ശ്രാവ്യ വായന<br>• ഭാവം സ്ഫുരിക്കുന്ന വിധം വേണ്ടനിർത്തലുകൾ, ഉയർച്ച താഴ്ചകൾ ഉണ്ട്.<br>• പദങ്ങൾ ചേർത്തു വായിക്കുന്നു.<br>• ചിഹ്നങ്ങളുടെ സൂചനകൾക്കനുസരിച്ച് വായിക്കുന്നു.<br>വിവരണം<br>• ചടുലത നല്കുന്ന വാക്യപ്രയോഗങ്ങൾ. |
| • പ്രാദേശിക കലാരൂപങ്ങളുടെ ഉദ്ഭവം, ചരിത്രം എന്നിവ പ്രതിപാദിക്കുന്ന പാട്ടുകൾ, കഥകൾ, ഐതിഹ്യങ്ങൾ എന്നിവ നിലവിലുണ്ട്.<br>• അന്വേഷിച്ച് കണ്ടെത്തിയതും ശേഖരിച്ചതുമായ വിവരങ്ങളെയും വ്യവഹാര രൂപങ്ങളെയും ആകർഷകമായ രീതിയിൽ ക്രമീകരിച്ച് അവതരിപ്പിക്കുന്നതിനുള്ള ഒരു മാർഗമാണ് ചുവർപത്രിക | • വിവിധ ചുമർപത്രികകൾ പരിശോധിച്ച് ഉള്ളടക്കം, ആകർഷണീയത എന്നിവ വിശകലനം ചെയ്ത് അന്വേഷിച്ചു കണ്ടെത്തിയതും ശേഖരിച്ചതുമായ വിവരങ്ങളെയും വ്യവഹാര രൂപങ്ങളെയും ആകർഷകമായ രീതിയിൽ ക്രമീകരിച്ച് അവതരിപ്പിക്കുന്നു. | • കഥ<br>• പാട്ട്<br>• ചുമർ പത്രം<br>• കുറിപ്പുകൾ | ചുമർ പത്രം<br>• ആകർഷകമായ ലേ-ഔട്ട്<br>• ഉള്ളടക്ക സമൃദ്ധമാണ്<br>• വായനാ കൗതുകം ഉണ്ടാക്കുന്നു. |
| • പ്രാദേശിക ജീവിതവുമായി ബന്ധപ്പെട്ടവയാണ് നാടൻകലകൾ.<br>• സ്വന്തം ജീവിതത്തിലെ അനുഭവങ്ങൾ മറ്റുള്ളവർക്കു രസം പകർന്നു വിജ്ഞാനപ്രദമായ രീതിയിൽ അവതരിപ്പിക്കുന്നത് ആത്മകഥയുടെ പ്രത്യേകതയാണ് | • വ്യത്യസ്തങ്ങളായ ആത്മകഥാ ഭാഗങ്ങൾ വായിച്ച് അവതരണ ശൈലിയിലെ വൈവിധ്യം, ഭാഷ, ആനുകാലിക ജീവിതങ്ങളുടെ പ്രതിഫലനം എന്നിവ വിശകലനം ചെയ്തു ആത്മകഥനങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തുകയും ആത്മകഥകൾ തയാറാക്കുകയും ചെയ്യുന്നു. | • ആത്മകഥ | • ആത്മകഥ<br>• അവതരണ ശൈലി ആകർഷകമാണ്.<br>• മനസ്സിൽ തട്ടുന്ന അനുഭവങ്ങളിലൂന്നി നിന്നു കൊണ്ട് തയാറാക്കി.<br>• ഭാഷാപരമായ മികവ് |

## മോഡ്യൂൾ ഒന്ന്

| | | |
|---|---|---|
| ആശയം | : | • ഓരോ പ്രദേശത്തും തനതായകലാരൂപങ്ങളുണ്ട്.<br>• തത്സമയം നടക്കുന്ന കാര്യങ്ങൾ പോലെ തോന്നിക്കുന്ന വാക്യങ്ങൾ തയാറാക്കി ഉൾപ്പെടുത്തുമ്പോഴാണ് വിവരണത്തിന് മികവ് വർദ്ധിക്കുന്നത്. |
| സാമഗ്രികൾ | : | • കേരളത്തിന്റെ കലാരൂപങ്ങൾ (കൊളാഷ്)<br>• സ്വയം വിലയിരുത്തൽ ടൂളുകൾ |
| പ്രതീക്ഷിത സമയം | : | • 4 മണിക്കൂർ |

### നാടിന്റെ സ്വന്തം (TB)

കേരളത്തിന്റെ കലാരൂപങ്ങൾ കൊളാഷ് ആയി ചിത്രീകരിച്ചത് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. (കഥകളി, തുള്ളൽ, മോഹിനിയാട്ടം, മാർഗ്ഗംകളി, ഒപ്പന തുടങ്ങിയവുടെ ചിത്രങ്ങൾ, കലയെ സംബ ന്ധിച്ചുള്ള പാട്ടുകൾ, കേരളകലാമണ്ഡലത്തിന്റെ ചിത്രം എന്നിവ കേരളത്തിന്റെ കലാ ഭൂപട മാതൃ കയിൽ തയ്യാറാക്കിയത്).

കേരളത്തിൽ ഏറെ ആസ്വാദ്യമായ കലാരൂപങ്ങളെക്കുറിച്ച് നാം മനസ്സിലാക്കിയല്ലോ. എന്നാൽ നിങ്ങളുടെ ജില്ലയെക്കുറിച്ച് ഇങ്ങനെ ഒരു കൊളാഷ് നിർമിക്കണമെന്നിരിക്കട്ടെ. എങ്കിൽ നിങ്ങളുടെ പ്രദേശത്തിന്റെ സാന്നിദ്ധ്യമറിയാൻ എന്തെല്ലാമായിരിക്കും ഉൾപ്പെടുത്തുക.

- 
- 
- 

ഇത്തരം കലകൾ കഥകളി, മോഹിനിയാട്ടം, തുള്ളൽ എന്നിവയിൽ നിന്നും എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്? കുട്ടികൾ ഊഹം പറയട്ടെ.

### വിവരണത്തിലേക്ക് (പാഠവായന)

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കുന്നു. ഓരോരുത്തരും തന്നെ ഏറെ ആകർഷിച്ച ഭാഗങ്ങൾ, മനസ്സിലായ കാര്യങ്ങൾ, ഇനിയും മനസ്സിലാകാത്ത ഭാഗങ്ങൾ, പദങ്ങൾ മുതലായവ കണ്ടെത്തിയ ശേഷം അവ ഗ്രൂപ്പിൽ പങ്കുവയ്ക്കട്ടെ. ഗ്രൂപ്പിന്റെ പ്രതിനിധി പൊതുചർച്ചയിലും പങ്കെടുക്കട്ടെ.

### തെയ്യത്തിന്റെ പദങ്ങൾ

തെയ്യത്തിന്റെ പദങ്ങൾ (TB) വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു. അവ ഗ്രൂപ്പിൽ ക്രോഡീകരിച്ച് അവതരിപ്പിക്കട്ടെ. സാന്ദർഭികമായി അവയ്ക്കു തോന്നുന്ന അർഥങ്ങളും അവർ പറയട്ടെ. തുടർന്ന് ചർച്ച ചെയ്ത് ധാരണയാക്കാം.

എന്തെല്ലാം പദങ്ങൾ ഉണ്ടാകാം?

- ഉരിയാടുക
- അരിയെറിഞ്ഞെതിരേറ്റു
- കാലാംഗം വയ്ക്കൽ
- അടയാളം കൊടുക്കുക.

- തെയ്യാട്ടം
- അണിയറത്തോറ്റം
- തോറ്റം ചൊല്ലൽ
- ഊനം കൂടാതീട്ട് തക്കവണ്ണം
-
-

**ശ്രാവ്യ വായന**

പാഠഭാഗത്തെ സംഭവങ്ങളും ദൃശ്യങ്ങളും നേരിൽ കാണുന്നതുപോലെ വായിച്ചവതരിപ്പിക്കാൻ അവസരം നല്കുന്നു. ഓരോ ഗ്രൂപ്പിലും അംഗങ്ങൾ ശ്രാവ്യവായന നടത്തി നല്ലവായനക്കാരനെ കണ്ടെത്തുന്നു. ഗ്രൂപ്പിൽ നിന്ന് കണ്ടെത്തിയ വായനക്കാരൻ ക്ലാസിൽ വായിച്ചവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും സൂചകങ്ങൾ വച്ച് വിലയിരുത്തു സ്കോർ നല്കുന്നു. സൂചകങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തണം.

| | സൂചകങ്ങൾ | |
|---|---|---|
| 1 | ഭാവം സ്ഫുരിക്കുന്ന വിധം വേണ്ട നിർത്തലുകളോടെയും ഉയർച്ച താഴ്ചകളോടെയും വായിക്കുന്നു. | 4/3/2/1 |
| 2. | ഉച്ചാരണ ശുദ്ധിയോടുകൂടി വായിക്കുന്നു. | 4/3/2/1 |
| 3. | ആശയം വ്യക്തമാകുന്ന വിധത്തിൽ പദങ്ങളെ കൂട്ടിച്ചേർത്ത് വായിക്കുന്നു. | 4/3/2/1 |
| 4. | ചിഹ്നങ്ങളുടെ സൂചനകൾക്കനുസരിച്ച് വായിക്കുന്നു. | 4/3/2/1 |

**നല്ലൊരുവിവരണം**

വിവരണത്തിൽ നിന്ന് ദൃശ്യങ്ങളും സംഭവങ്ങളും മറ്റും നേരിൽക്കാണുന്നതുപോലെ അവതരിപ്പിക്കുന്ന വാക്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. തുടർന്ന് ഗ്രൂപ്പിൽ അപഗ്രഥിക്കുന്നു.

ഏതൊക്കെ വാക്യങ്ങൾ ഉൾപ്പെടാം.

- അതാ, ആയിരമായിരം കണ്ണുകൾ തെയ്യത്തെ നേരിൽ ദർശിക്കുവാൻ കാത്തു നില്ക്കുകയാണ്.
- കാവിന്റെ തിരുമുറ്റം. നിരന്നുനിന്ന് വാദ്യം മുഴക്കുന്ന ചെണ്ടക്കാർ.
- മെയ്കുലുക്കിക്കൊണ്ടുള്ള ചുവടുകൾക്കൊപ്പം ചെണ്ടയുടെ താളവും മാറുന്നു.
- തെയ്യം അരങ്ങിലേക്ക് ഉണരുന്നു.
- ഒരു നിമിഷം. മൂന്നു കതിനാവെടികൾ മുഴങ്ങി.
- പീഠത്തിൽ നിന്നും ചാടിയിറങ്ങിയ തെയ്യം മിന്നൽ വേഗത്തിലുള്ള ഓട്ടത്തിൽ കൈക്കുകിട്ടുന്നവരെ പരിചകൊണ്ട് വീശി അടിക്കുന്നു.

കണ്ടെത്തിയ ഓരോ വാക്യവും വിവരണത്തിനു നല്കുന്ന മെച്ചങ്ങൾ ഗ്രൂപ്പിൽ വിശകലനം ചെയ്യട്ടെ.

**വിശകലന ചോദ്യങ്ങൾ**

- തെയ്യത്തെ നേരിട്ട് കാണുവാൻ അനേകം പേർ വന്നിട്ടുണ്ട് എന്നതിനുപകരം "അതാ, ആയിര മായിരം കണ്ണുകൾ തെയ്യത്തെ നേരിൽ ദർശിക്കുവാൻ കാത്തു നില്ക്കുകയാണ് എന്നുപറയു മ്പോൾ എന്തുമെച്ചമാണ് വിവരണത്തിനുണ്ടാകുന്നത്?
- തെയ്യം പുറപ്പെടുമ്പോൾ കൂട്ടവെടികൾ മുഴങ്ങി എന്ന നീണ്ട വാക്യം സംഭവത്തെ നേരിൽക്കാണുന്നതുപോലെ തോന്നിക്കാൻ എങ്ങനെയാണ് വിവരണഭാഗത്ത് പറഞ്ഞിരിക്കു ന്നത്?
-
-

**എന്റെ പ്രദേശത്തെ കലാരൂപം**

ഗ്രൂപ്പ് വിശകലനത്തിനുശേഷം ഓരോ വാക്യത്തിന്റെയും മികവ് ഗ്രൂപ്പുകൾ അവതരിപ്പിക്കു ന്നു. തുടർന്ന് ഇത്തരം മികവുകൾ പ്രതിഫലിക്കുന്ന രീതിയിൽ കുട്ടികൾ അവരുടെ പ്രദേശത്തെ ഇഷ്ടപ്പെട്ട ഒരു കലാരൂപത്തെ വിവരിച്ചെഴുതട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് മെച്ചപ്പെട്ട വിവരണം കണ്ടെത്താം. തുടർന്ന് ക്ലാസിൽ അവതരിപ്പിക്കുന്നു. അധ്യാപകൻ തയാറാക്കിയ വിവ രണം ക്ലാസിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പുകൾ അവതരിപ്പിച്ചതിൽ ഏതെങ്കിലും ഒന്ന് ചാർട്ടിലെ ഴുതി ക്ലാസിൽ പ്രദർശിപ്പിച്ച് അധ്യാപകന്റെ വിവരണവുമായി താരതമ്യം ചെയ്യുന്നതിനുള്ള ചർച്ച കൾ നടക്കണം. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മേഖലകളിൽ കുട്ടികളുമായി ചർച്ച ചെയ്ത് രചന മെച്ചപ്പെടുത്താനുള്ള പ്രചോദനമുണ്ടാക്കേണ്ടതുണ്ട്.

- ആശയപരമായ മെച്ചപ്പെടുത്തൽ
- വാക്യനിർമാണപരമായ മെച്ചപ്പെടുത്തൽ
- പദപരമായ തെറ്റുകൾ പരിഹരിക്കൽ
- അക്ഷരത്തെറ്റുകൾ പരിഹരിക്കൽ

മേൽപ്പറഞ്ഞ ഓരോ മേഖലയിലും ചാർട്ടിൽ പ്രദർശിപ്പിച്ച വിവരണ ഭാഗങ്ങളെ അടിസ്ഥാന മാക്കി ചർച്ചാചോദ്യങ്ങളിലൂടെ തന്റെ രചനയിലെ തെറ്റുകൾ സ്വയം കണ്ടെത്താനും അവ പരിഹ രിക്കാനുമുള്ള അവസരമൊരുക്കേണ്ടതുണ്ട്.

ഇങ്ങനെ ഘട്ടം ഘട്ടമായി ചാർട്ടിൽ പ്രദർശിപ്പിച്ച വിവരണം (ഗ്രൂപ്പിന്റെ )മെച്ചപ്പെടുത്തിയ ശേഷം ഓരോ കുട്ടിയും അവൻ തയാറാക്കിയ വിവരണം ഇതേ രീതിയിൽ മാറ്റിയെഴുതട്ടെ. തയാ റാക്കിയ വിവരണം ചുമർമാസികയിലേക്കു സജ്ജമാക്കുകയും വേണം.

**സ്വയം വിലയിരുത്തൽ**

ഒരു വെള്ളപ്പൊക്കത്തിന്റെ ഓർമ്മ, ഭീമന്റെ കുസൃതികൾ, പുറപ്പാട് എന്നീ പാഠഭാഗങ്ങളിലായി യഥാക്രമം അനുഭവ വിവരണം, വ്യക്തി വിവരണം, ദൃശ്യവിവരണം, എന്നിങ്ങനെ കുട്ടികൾ തയാ റാക്കിയിട്ടുണ്ടല്ലോ. ഇതിലെ വ്യത്യസ്തതയും വളർച്ചയും വിലയിരുത്താൻ അവർക്ക് അവസര മൊരുക്കാം.

ഓരോരുത്തരും അവരവരുടെ മൂന്നു വിവരണങ്ങളും ഒന്നുകൂടി പരിശോധിച്ച് അടുത്ത പേജിൽ നൽകിയിട്ടുള്ള സ്വയം വിലയിരുത്തൽ ടൂൾ പൂരിപ്പിക്കട്ടെ.

| നമ്പർ | എന്റെ വിവരണം | പൂർണ്ണമായി | ഭാഗികമായി | വളരെക്കുറവ് |
|---|---|---|---|---|
| 1 | സംഭവങ്ങളെ മുന്നിൽക്കാണുന്നതു പോലെ തോന്നിക്കുന്ന വാക്യങ്ങളായി എനിക്ക് എഴുതാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 2 | എന്റെ വിവരണത്തിന് നല്ല തുടക്കവും ഒടുക്കവുമുണ്ട്. | | | |
| 3 | ഒരു വാക്യത്തിന്റെ തുടർച്ചയെന്നോണം അടുത്ത വാക്യം എഴുതുവാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 4 | എഴുത്തിന് നല്ല വൃത്തിയും വെടിപ്പുമുണ്ട്. | | | |
| 5 | വ്യത്യസ്ത വാക്യമാതൃകകൾ, വൈവിധ്യ മാർന്ന പദങ്ങൾ എന്നിവ ഉപയോഗിച്ചു ട്ടുണ്ട്. | | | |

**ആത്മകഥയിലേക്ക്**

നമുക്ക് ആനന്ദവും ആശ്വാസവും പകരുന്ന നമ്മുടെ നാട്ടിലെ കലകൾ മികച്ച രീതിയിൽ അവതരിപ്പിക്കുന്നത് ആരെല്ലാമാണ്? കുട്ടികൾ അവരുടെ പ്രദേശത്തെ പ്രശസ്ത കലാകാരന്മാരുടെ പേരും അവരുടെ മേഖലയും പറയട്ടെ. അത്തരം കലാകാരന്മാരെക്കുറിച്ചു കൂടുതലെന്തറിയാം? ലഘുചർച്ച നടത്തുന്നു. തുടർന്ന് പാഠത്തിലെ ആത്മകഥാഭാഗം കുട്ടികൾ വായിക്കട്ടെ. ഇത്തരം ആത്മകഥാ ഭാഗങ്ങൾ, വാർത്തകൾ, അഭിമുഖക്കുറിപ്പുകൾ എന്നിവ ശേഖരിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.

## മോഡ്യൂൾ രണ്ട്

ആശയം :
- പ്രാദേശിക കലാരൂപങ്ങളുടെ ഉദ്ഭവം, ചരിത്രം എന്നിവ പ്രതിപാദിക്കുന്ന പാട്ടുകൾ, കഥകൾ, ഐതിഹ്യങ്ങൾ എന്നിവ നിലവിലുണ്ട്.
- അന്വേഷിച്ച് കണ്ടെത്തിയതും ശേഖരിച്ചതുമായ വിവരങ്ങളെയും വ്യവഹാരരൂപങ്ങളെയും ആകർഷകമായ രീതിയിൽ ക്രമീകരിച്ച് അവതരിപ്പിക്കുന്നതിനുള്ള ഒരു മാർഗമാണ് ചുമർപത്രിക.

കരുതേണ്ട സാമഗ്രികൾ:
- ചുമർപത്രിക - മാതൃകകൾ
- തെയ്യക്കഥകൾ - വായനാ സാമഗ്രി
- സ്വയം വിലയിരുത്തൽ ടൂളുകൾ

പ്രതീക്ഷിത സമയം :
- 4 മണിക്കൂർ

**ചുമർപത്രിക വിശകലനം**

ടെക്സ്റ്റ് ബുക്കിലെ ചുമർപത്രിക ഗ്രൂപ്പിൽ പരിശോധിക്കുന്നു. സാമഗ്രികൾ പട്ടികപ്പെടുത്തുന്നു.

- കലാരൂപങ്ങളുടെ ചിത്രങ്ങൾ
- കലാരൂപങ്ങളുടെ പാട്ടുകൾ
- കലാരൂപങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ
- ചിത്രങ്ങൾ

ഓരോ ഗ്രൂപ്പും കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കുന്നു. ബിബിയിൽ ലിസ്റ്റു ചെയ്യുന്നു. തുടർന്ന് നല്ലൊരു ചുമർ പത്രിക തയാറാക്കണമെങ്കിൽ എന്തൊക്കെയാകാം എന്നു ഗ്രൂപ്പുകൾ നിർദ്ദേശിക്കട്ടെ.

- ഐതിഹ്യങ്ങൾ
- കലാകരന്മാരുടെ ഫോട്ടോ- കുറിപ്പ്
- മറയുന്ന കലാരൂപങ്ങൾ - കുറിപ്പ്
- കലാകാരന്മാരുമായുള്ള അഭിമുഖക്കുറിപ്പ്
- ചുമർമാസികയുടെ ശീർഷകം
- കലാകാരന്റെ ആത്മകഥാഭാഗങ്ങൾ
- വാർത്തകൾ
-
-

തന്റെ പ്രദേശത്തെ കലാരൂപങ്ങളെക്കുറിച്ച് ഓരോ ഗ്രൂപ്പും ശേഖരിച്ച സാമഗ്രികളും പാഠഭാഗ ത്തിലൂടെ കടന്നുപോയപ്പോൾ തയാറാക്കിയ വിവരണം തുടങ്ങിയ രചനകളും ലിസ്റ്റു ചെയ്യട്ടെ. അവ ശേഖരിക്കാൻ ചുമതലകൾ വീതിച്ചു നല്കട്ടെ.

**കഥയറിയാം**

വൈരജാതൻ തെയ്യത്തിന്റെയും ആടിത്തെയ്യങ്ങൾക്കു പിന്നിലെയും കഥകൾ പാഠഭാഗത്തു നിന്ന് പരിചയപ്പെട്ടത് വിപുലീകരിക്കാൻ വായനാസാമഗ്രി നല്കുന്നു. (പേജ് 101) ഇതുപോലെ അവരവരുടെ പ്രദേശത്തുള്ള ഒരു നാടൻകലാരൂപത്തിന്റെ കഥ ശേഖരിച്ച് ക്ലാസിൽ അവതരിപ്പി ക്കുന്നു.

**ചുമർപത്രിക നിർമാണം**

ഓരോ ഗ്രൂപ്പും ശേഖരിച്ചവ ഗ്രൂപ്പിൽ അവതരിപ്പിച്ച് ചുമർപത്രികയിലേക്ക് ഉൾപ്പെടുത്താവു ന്നവ തെരഞ്ഞെടുക്കുന്നു.

വ്യത്യസ്ത ചുമർപത്രികകൾ ശേഖരിച്ചത് ഗ്രൂപ്പിൽ പരിശോധനയ്ക്കായി നല്കുന്നു.

പ്രസ്തുത ചുമർ പത്രിക പരിശോധിച്ച് അതിന്റെ ആകർഷണീയതയെക്കുറിച്ച് ചോദ്യങ്ങളിലൂടെ ചർച്ച നടത്തുന്നു.

തുടർന്ന് ഓരോ ഗ്രൂപ്പും അവരുടെ ചുമർ പത്രം ഉണ്ടാക്കട്ടെ. സൂചകങ്ങൾവച്ച് വിലയിരുത്തി ഗ്രൂപ്പു കൾ പരസ്പരം അഭിപ്രായം പറയുന്നു.

**ചർച്ചാ ചോദ്യങ്ങൾ**

- ഈ ചുമർപത്രം ആകർഷകമാണോ?
- എങ്ങനെയെല്ലാമണ് ആകർഷകമാകു ന്നത്?
- ശീർഷകം വായനാ കൗതുകം ഉണർത്തു ന്നതാണോ?
- ചുമർപത്രികയിൽ ഏറെ പ്രാധാന്യ ത്തോടെ അവതരിപ്പിച്ചത് ഏതാണ്? എന്തുകൊണ്ടായിരിക്കാം?
- ചുമർ പത്രിക പ്രദർശനത്തിന് എത്ര ത്തോളം അനുയോജ്യമാണ്?

## വൈരജാതൻ

ദക്ഷയാഗകഥയിലെ വീരഭദ്രൻ തന്നെയാണ് വൈരജാതനായും അറിയപ്പെടുന്നത്. സതീദേവിയെ അച്ഛനായ ദക്ഷൻ യാഗശാലയിൽ നിന്ന് ആട്ടിപ്പുറത്താക്കുകയുണ്ടായി. അപമാനം സഹിക്കാനാവാതെ സതീദേവി യാഗാഗ്നിയിൽ ചാടിമരിച്ചു. വിവരമറിഞ്ഞ ശിവൻ കോപം കൊണ്ട് ജ്വലിച്ചു. അപ്പോൾ ശിവന്റെ നെറ്റിക്കണ്ണിൽ നിന്ന് ഒരു ഉഗ്രമൂർത്തി ഉറഞ്ഞുചാടി. ദക്ഷനേയും കൂട്ടരെയും വകവരുത്തിയ ആ ഉഗ്രമൂർത്തയാണ് വീരഭദ്രൻ അഥവാ വൈരജാതൻ. വൈരത്തിൽ നിന്ന് ജനിച്ചതുകൊണ്ടായിരിക്കാം, വൈരജാതൻ എന്ന പേർ വന്നത് (വൈരം- ശത്രുത, ദേഷ്യം; ജാതൻ- ജനിച്ചവൻ)

കേരളത്തിന്റെ വടക്കുഭാഗത്ത് പണ്ട് 'അള്ളടസ്വരൂപം' എന്ന പേരിൽ ഒരു രാജവംശമുണ്ടായിരുന്നു. അള്ളടം നാട് ഭരിച്ച് മുടിച്ചു കൊണ്ടിരുന്ന എട്ട് ദുഷ്പ്രഭുക്കന്മാരിൽ നിന്ന് പടവെട്ടി രാജ്യം പിടിച്ചടക്കാൻ സാമൂതിരിക്കോലോത്തു നിന്നു വന്ന വീരയോദ്ധാക്കളായിരുന്നു ക്ഷേത്രപാലൻ, വൈരജാതൻ, വേട്ടയ്ക്കൊരുമകൻ എന്നിവർ. അള്ളടം നാട്ടിലെ അള്ളോൻ, മന്നൻ തുടങ്ങിയ അഹങ്കാരികളായ നാടുവാഴികളെ വധിച്ച് രാജ്യത്തെ രക്ഷപ്പെടുത്തിയശേഷം വൈരജാതൻ ചെറുവത്തൂർ തറയിലെ തണ്ടകനത്ത് നായന്മാരുടെ ചങ്ങാത്തം വേണമെന്നു കരുതി അങ്ങോട്ടുതിരിച്ചു. അവിടെ പ്രസിദ്ധമായൊരു തറവാട്ടിൽ അതിഥിയായി ചെന്നെത്തി. പിന്നീട് ആ തറവാട് വൈരജാതക്ഷേത്രമായി എന്നാണു കഥ.

## ആടിത്തെയ്യം

ഉത്തര കേരളത്തിൽ വണ്ണാൻ സമുദായത്തിൽപെട്ടവർ വീടുകൾ തോറും ചെന്ന് പാടിയാടി വരുന്ന ഒരു ഒറ്റക്കോല നൃത്തമാണ് ആടിയാട്ടം. അതിനുയോജിച്ച പാട്ടാകുന്നു ആടിപ്പാട്ട്. കൊല്ലം തോറും ആടി അഥവാ കർക്കിടകമാസം പതിനാറാം നാൾതൊട്ട് മാസാവസാനംവരെയാണ് ആടിയാട്ടത്തിന്റെ കാലം. അതിനാലാണ് ആടിപ്പാട്ട്, ആടിയാട്ടം എന്നിങ്ങനെ പേരുകൾ വന്നത്.

ഒരു കുട്ടിയുടെ മുഖത്ത് ചുകപ്പും മഞ്ഞയും ചായമെഴുതി, കണ്ണുകൾക്കുമഷിയിട്ട്, തലയിൽ ഒരു ഭംഗിയുള്ള ചെറുകിരീടമണിഞ്ഞ് കൈത്തണ്ടകളിൽ വളകളും മാറിൽ വർണച്ചട്ടയും മാലകളും ധരിച്ച് കടുത്ത നിറത്തിലുള്ള ഉടയാടയും അണിഞ്ഞതാണ് ആടിയുടെ വേഷം. ഒരു മുതിർന്ന വണ്ണാൻ ചെണ്ടമുട്ടി താളത്തിൽ പാടുന്നു. ആടിത്തെയ്യം രണ്ടുമൂന്നടിവെച്ചു മുമ്പോട്ടും പിമ്പോട്ടും പതുക്കെ ആടുന്നു. പാട്ടിന്റെ ത- ത- തത- എന്ന താളത്തിനൊത്താണ് നൃത്തം വയ്ക്കുന്നത്.

ആടിപ്പാട്ടിന്റെ കഥ അർജ്ജുനൻ പരമേശ്വരനോട് പാശുപതാസ്ത്രം വാങ്ങിയ കഥതന്നെ. കഠിന തപസ്സു ചെയ്യുന്ന അർജ്ജുനനെ വേട വേഷം ധരിച്ച ശിവനും വേടത്തിയുടെ രൂപം ധരിച്ച പാർവ്വതിദേവിയും പലവിധത്തിൽ പരീക്ഷിക്കുന്നു. വേടനും അർജ്ജുനനും തമ്മിൽ തർക്കവും ഒടുവിൽ യുദ്ധവുമുണ്ടാകുന്നു. പരാജിതനായ അർജ്ജുനൻ ശിവനെ പ്രാർത്ഥിക്കുകയും അവസാനം വേടൻ തന്റെ ശിവഭഗവാൻ തന്നെയെന്ന് തിരിച്ചറിയുകയും സന്തോഷിക്കുകയും ചെയ്യുന്നു. അങ്ങനെ തന്റെ ഭക്തനിൽ തൃപ്തനായ ശിവൻ അർജ്ജുനന് പാശുപതാസ്ത്രം നല്കുന്നു.

## വേടൻ തെയ്യം

എല്ലാവർഷവും കർക്കിടക സംക്രമദിവസം മുതൽ ഏതാണ്ട് ആ മാസം മുഴുവനും ഉത്തര കേരളത്തിലെ ഭവനങ്ങളിൽ 'മലയന്മാർ' നടത്തിവരുന്ന ഒറ്റക്കോലനൃത്തമാണ് വേടൻ ആട്ടം. ഒരു കുട്ടിയെ ചെറിയൊരു കിരീടവും, ഉടുത്തുകെട്ടും, മുഖത്തെഴുത്തും കൊണ്ട് അണിയിച്ചൊരുക്കിയതാണ് വേടൻ വേഷം. അവനോടൊപ്പം രണ്ടുമൂന്നു മുതിർന്ന സ്ത്രീപുരുഷന്മാരും പാടുവാനും ചെണ്ടതാളം പിടിക്കാനും ഉണ്ടായിരിക്കും. വീട്ടുമുറ്റത്തെത്തിയാൽ രണ്ടുമൂന്നുതവണ ചെണ്ടയെ ഒച്ചപ്പെടുത്തും, വേടൻ വന്നിട്ടുണ്ടെന്നറിയിക്കാൻ. പടിഞ്ഞാറ്റയിൽ ഒരു നിലവിളക്ക് കത്തിച്ചു കഴിഞ്ഞാൽ ആട്ടം ആരംഭിക്കും. വലത്തോട്ടും ഇടത്തോട്ടും ചെരിഞ്ഞു രണ്ടുനാലടി പിന്നോട്ടും മുന്നോട്ടും നീങ്ങിക്കൊണ്ടിരിക്കുക മാത്രമാണ് ആട്ട സമ്പ്രദായം. ആ അവസരത്തിൽ പ്രത്യേകം താളത്തിൽ പാടുന്ന പാട്ടാണ് വേടൻ പാട്ട്. ആടിത്തെയ്യത്തിന്റെ കഥതന്നെയാണ് വേടൻ തെയ്യത്തിനും.

## മോഡ്യൂൾ മൂന്ന്

ആശയം : • പ്രാദേശിക ജീവിതവുമായി ബന്ധപ്പെട്ടവയാണ് നാടൻകലകൾ.
• സ്വന്തം ജീവിതത്തിലെ അനുഭവങ്ങൾ മറ്റുള്ളവർക്ക് രസം പകരുംവിധം വിജ്ഞാനപ്രദമായ രീതിയിൽ അവതരിപ്പിക്കുന്നത് ആത്മകഥയുടെ പ്രത്യേകതയാണ്.

കരുതേണ്ട സാമഗ്രികൾ: • ആത്മകഥാ ഭാഗങ്ങൾ, വായനാസാമഗ്രി

പ്രതീക്ഷിത സമയം : • 6 മണിക്കൂർ

---

കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും മൂന്നു വ്യത്യസ്ത ആത്മകഥാഭാഗങ്ങൾ നല്കുന്നു.

1. ചിലമ്പിട്ട ഓർമ്മകൾ (TB)
2. എന്റെ കുട്ടിക്കാലം (ഗാന്ധിജി)
3. എഴുത്തിനുവച്ചശേഷം (ഇം.എം.എസ്)

വായിച്ച ആത്മകഥകളിൽ നിന്നും ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ ഓരോ ഗ്രൂപ്പും അവതരിപ്പിക്കട്ടെ.

- ആത്മകഥാഭാഗം വായിച്ചപ്പോൾ നിങ്ങളിലുണ്ടായ ഓർമ്മകൾ എന്തെല്ലാം?
- അതിലെ അനുഭവങ്ങളുമായി ബന്ധപ്പെട്ട എന്തെങ്കിലും അനുഭവങ്ങൾ നിങ്ങൾക്കുണ്ടായിട്ടുണ്ടോ?
- ആത്മകഥാഭാഗം നിങ്ങളിലുണ്ടാക്കിയ സന്തോഷം/സങ്കടം എന്തെല്ലാം?
- പാഠപുസ്തകത്തിലെ ആത്മകഥയിൽ നിന്ന് നിങ്ങൾ പരിചയപ്പെട്ട കലാരൂപം ഏതാണ്?
- ഈ കലാരൂപം അന്നത്തെ ജനങ്ങളുടെ ജീവിതരീതിയുമായി ബന്ധപ്പെട്ട എന്തെല്ലാം സൂചനകൾ നമുക്കു നല്കുന്നുണ്ട്?

**പട്ടിക പൂരിപ്പിക്കാം.**

**ചിലമ്പിട്ട ഓർമ്മകൾ - ആത്മകഥാഭാഗം**
**എനിക്കു നല്കുന്ന അന്വേഷണ സൂചനകൾ**

- *ദാരിദ്ര്യം*:- കർക്കിടകമാസത്തിൽ പണ്ടൊക്കെ താഴ്ന്ന ജാതിയിലുള്ളവർ വളരെ ദാരിദ്ര്യം അനുഭവിച്ചിരുന്നു. ..................................
- *മൂപ്പ് കഴിക്കുക*:- ..................................
- *ജനങ്ങളുടെ വിശ്വാസം*:- ..................................

പട്ടികയിലെ സൂചനകൾ കുട്ടികൾ വിശദീകരിച്ചെഴുതി അവതരിപ്പിക്കട്ടെ. തുടർന്ന് പ്രശ്സ്തരും മുതിർന്നവരുമായ ആൾക്കാർക്കു മാത്ര

മാണോ സ്വന്തം ജീവിതകഥ പറയാനുള്ളത്? നമുക്കോരോരുത്തർക്കുമുള്ള ജീവിതാനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത് രസകരമല്ലേ? അതിനു സാധിക്കില്ലേ? എന്നിങ്ങനെയുള്ള ചോദ്യങ്ങളിലൂടെ ആത്മകഥാരചന എന്ന പ്രശ്നം കുട്ടികൾക്കുമുമ്പാകെ അവതരിപ്പിക്കാം.

**ആത്മകഥനങ്ങളുടെ വാചികാവതരണം**

സ്വന്തം ചിന്തകൾ, വികാരങ്ങൾ, അനുഭവങ്ങൾ എന്നിവ വാചികമായി ഒഴുക്കോടെ ഗ്രൂപ്പിൽ പറഞ്ഞവതരിപ്പിക്കൽ.

ഗ്രൂപ്പിൽ ഒരു കുട്ടി അവന്റെ മറക്കാനാവാത്ത ഒരനുഭവം വാചികമായി പറഞ്ഞവതരിപ്പിക്കട്ടെ. മറ്റു കുട്ടികൾ അവതരിപ്പിച്ച അനുഭവത്തിന്റെ/സന്ദർഭത്തിന്റെ ഉള്ളടക്കം, പറഞ്ഞ രീതി, അതിനു പയോഗിച്ച ഭാഷ എന്നിവയെക്കുറിച്ച് വിലയിരുത്തി അഭിപ്രായം പറയട്ടെ.

- അവതരിപ്പിച്ചവയിൽ നിങ്ങൾക്കിഷ്ടമായിത്തോന്നിയതെന്ത്?
- ഇഷ്ടപ്പെടാത്തതുണ്ടോ?
- വരുത്താവുന്ന മാറ്റങ്ങൾ എന്തെല്ലാം?

**സ്വന്തം കഥപറയുമ്പോൾ**

TB യിൽ കുട്ടികളുടെ ആത്മകഥാഭാഗങ്ങളുടെ തുടക്കം ഓരോരുത്തരും വായിച്ചു നോക്കട്ടെ. വിലയിരുത്തി അഭിപ്രായം പറയണം.

- ഞാൻ പറയുന്നു എന്ന രീതിയിൽ തുടങ്ങിയത് ഏതാണ്?
- പരസ്പരം ചേർന്നു നില്ക്കുന്ന അനുഭവങ്ങളാണോ ഇതിലുള്ളത്?
- വായിക്കുന്നവർക്ക് ആ വ്യക്തി, സന്ദർഭം, അനുഭവം എന്നിവ മനസ്സിൽ തെളിയുന്ന വിധമാണോ ഇവ എഴുതിയത്?
- ഇതിൽ കുടുംബപശ്ചാത്തലത്തിലൂന്നി എഴുതിത്തുടങ്ങിയത് ആരാണ്?
- വൈഷ്ണവ് എന്ന കുട്ടി എങ്ങനെയാണ് തുടക്കമിട്ടത്? (സ്കൂൾ അനുഭവം/ ഗ്രാമത്തെക്കുറിച്ചുള്ള വിവരണം/കുടുംബ പശ്ചാത്തലം)
- നിങ്ങൾ വായിച്ചതിൽ മനസ്സിൽ തട്ടിയ അനുഭവങ്ങളിലൂന്നി എഴുതിത്തുടങ്ങിയ ആത്മകഥാഭാഗങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ എടുത്തു കാണിക്കൂ.

മേൽസൂചിപ്പിച്ച ചർച്ചാ ചോദ്യങ്ങളിലൂടെ ഓരോ ആത്മകഥയുടെയും അവതരണ ശൈലിയിൽ വൈവിധ്യമുണ്ടെന്ന് ക്രോഡീകരിക്കാം.

1 കുടുംബ പശ്ചാത്തലത്തിലൂന്നി തുടങ്ങുന്നത്.
2. ഗ്രാമത്തെക്കുറിച്ചുള്ള വിവരണത്തിൽ തുടങ്ങുന്നത്.
3. മനസ്സിൽതട്ടിയ അനുഭവങ്ങളിലൂന്നിയുള്ളത്.
4. ജനനതീയതി മുതൽ എഴുതി തുടങ്ങുന്നത്.

**ആത്മകഥനങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തൽ**

കുട്ടികൾ അവരുടെ ആത്മകഥാക്കുറിപ്പുകൾ എഴുതിത്തുടങ്ങുന്നതിനു മുമ്പേ ആവശ്യമായ ആശയ പിൻബലം കിട്ടുന്നതിന് ഉറവിടങ്ങൾ കണ്ടെത്താൻ ചർച്ചയിലൂടെ പ്രേരിപ്പിക്കാം.

- ഓരോ ദിവസത്തെയും സ്വന്തം അനുഭവങ്ങൾ, ചിന്തകൾ നാം കുറിച്ചുവയ്ക്കുന്നത് ഏതിലാണ്? (ഡയറി) ഡയറിക്കുറിപ്പിലെ ഏതെങ്കിലും ഒരു നല്ല സന്ദർഭമെടുത്ത് എഴുതിത്തുടങ്ങിയാലോ?
- അച്ഛനമ്മമാരുടെയും ബന്ധുക്കളുടെയും മനസ്സിൽ നിങ്ങളുടെ കുട്ടിക്കാലത്ത് നടന്ന സംഭവങ്ങൾ ഉണ്ടാകും. അവർ പറഞ്ഞുതന്നത് ഓർമയിലുണ്ടോ? എന്തെല്ലാം ചോദിച്ചറിയാം?
- നമ്മുടെ ജനനസർട്ടിഫിക്കറ്റ് പരിശോധിച്ചാൽ എന്തെല്ലാം വിവരങ്ങൾ ലഭിക്കും?
- നമ്മുടെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ നിന്ന് എന്തെല്ലാം വിവരങ്ങൾ ലഭിക്കും?

### ആത്കഥാരചന

കുട്ടികൾ വ്യക്തിഗതമായി സ്വന്തം ജീവിതത്തിലെ സംഭവങ്ങൾ മറ്റുള്ളവർക്ക് രസവും അറിവും നല്കുന്ന രീതിയിൽ എഴുതിവയ്ക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് വിലയിരുത്തുന്നു തുടർന്ന് ഗ്രൂപ്പിൽ നിന്നും ഓരോന്നു വീതം ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചർ വേർഷൻ അവതരണത്തിനുശേഷം ആശയം, ആശയക്രമീകരണം, വാക്യങ്ങൾ, പദങ്ങൾ എന്നിവയിലൂന്നിയ മെച്ചപ്പെടുത്തൽ നടക്കേണ്ടതുണ്ട്. തുടർന്ന് ഓരൊരുത്തരും ആത്മകഥ മെച്ചപ്പെടുത്തി എഴുതുന്നു.

**ആത്മകഥ പരിശോധിക്കുമ്പോൾ (ടീച്ചർക്ക്)**

1. അവതരണ ശൈലിയിലെ വൈവിധ്യം
   - കുടുംബ പശ്ചാത്തലത്തിലൂന്നിയുള്ളത്
   - ഗ്രാമത്തെക്കുറിച്ചുള്ള വിവരണത്തിലൂന്നിയുള്ളത്.
   - മനസ്സിൽ തട്ടിയ അനുഭവങ്ങളിലൂന്നിയുള്ളത്.
   -
   -
2. ഭാഷാശൈലി തെരഞ്ഞെടുക്കൽ (മിതത്വം, സരസത, തീവ്രവികാരങ്ങൾ)
3. ശീർഷകങ്ങളുടെ വൈവിധ്യം
4. സ്വന്തം സത്ത് വെളിവാക്കുന്ന രചനകൾ
5. ആനുകാലിക ജീവിതാനുഭവങ്ങളുടെ പ്രതിഫലനം.

### കുഞ്ഞുങ്ങളുടെ ആത്മകഥനങ്ങൾ

എല്ലാവരും എഴുതിയ ആത്മകഥാകുറിപ്പുകൾ ചേർത്ത് കുഞ്ഞുങ്ങളുടെ ആത്മകഥനങ്ങൾ - പതിപ്പ് പ്രസിദ്ധീകരിക്കാം.

### എഴുത്തുകാരനെ പരിചയപ്പെടാം

**നർത്തകരത്നം കൊടക്കാട്ട് കണ്ണൻ പെരുവണ്ണാൻ**

കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമത്തിലെ ചെറുമൂലയിലാണ് ജനനം - 1918 ൽ ചികിത്സാ നിപുണനായ കുട്ടിയമ്പു മണക്കാടനാണ് പിതാവ്. പുത്തൂർ സ്കൂളിലും കരിവള്ളൂർ മാന്യഗുരു സ്കൂളിലുമായി നാലാംതരംവരെ പഠിച്ചെങ്കിലും ജീവിതത്തിലെ കഷ്ടപ്പാടുകൾ കാരണം തുടർപഠനത്തിന് സാധിച്ചില്ല. എങ്കിലും ബ്രഹ്മശ്രീ മേക്കോട്ട് മാധവൻ നമ്പൂതിരിയിൽ നിന്നും സംസ്കൃതം അഭ്യസിക്കുവാൻ സാധിച്ചു. പിതാവിൽ നിന്നും ആയുർവേദ ശിരോമണി സി.പി. കൃഷ്ണൻനായരിൽ നിന്നും ലഭിച്ച വൈദ്യശിക്ഷണം കണ്ണൻപെരുവണ്ണാനെ മികച്ച ഒരു വൈദ്യനാക്കി.

ആറാം വയസ്സിൽ ആടി, വേടൻ തെയ്യങ്ങളുടെ കോലമണിഞ്ഞ കണ്ണൻ പെരുവണ്ണാൻ പ്രശസ്തനായത് കതിവന്നൂർ വീരനിലൂടെയാണ്. മുത്തപ്പൻ, തിരുവപ്പന, അന്തിത്തിറ, വൈരജാതൻ, വേട്ടയ്ക്കൊരു മകൻ, പല പേരുകളിലുള്ള ഭഗവതിമാർ തുടങ്ങി അത്യന്തം വൈവിധ്യം നിറഞ്ഞ തെയ്യങ്ങളെ അദ്ദേഹം കെട്ടിയാടിയിട്ടുണ്ട്. 23-ാം വയസിൽ, കതിവന്നൂർ വീരൻ കെട്ടിയാടിയതിന് പട്ടുംവളയും പെരുവണ്ണാൻ പദവിയും നേടി. കേരളസംഗീതനാടക അക്കാദമി അവാർഡ്, സൗത്ത് ഏഷ്യാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നർത്തകരത്നം ബഹുമതി എന്നിവ ലഭിച്ചു. 2007 ൽ അന്തരിച്ചു.

## എന്റെ കുട്ടിക്കാലം

ഹൈസ്കൂളിലെ എന്റെ ആദ്യവർഷം പരിക്ഷാ സമയത്തു നടന്ന ഒരു സംഭവം രേഖപ്പെടുത്താൻ തക്കതാണ്. വിദ്യാഭ്യാസ ഇൻസ്പെക്ടർ പരിശോധനയ്ക്കായി എത്തിയിരുന്നു. അക്ഷരജ്ഞാനം ഉണ്ടോ എന്നു നോക്കാൻ അദ്ദേഹം ഞങ്ങൾക്ക് അഞ്ചു വാക്കുകൾ തന്നു. അവയിലൊന്നു "കെറ്റിൽ' ആയിരുന്നു. ഞാനതു തെറ്റി ച്ചു. അധ്യാപകൻ എന്റെ അടുത്തെത്തി ബൂട്സിന്റെ അറ്റം കൊണ്ട് അടയാളം കാണിച്ച് എന്റെ തെറ്റുതിരുത്തിക്കുവാൻ ശ്രമിച്ചു. പക്ഷേ ഞാനതു ശ്രദ്ധിച്ചില്ല. അടുത്തുള്ള കുട്ടിയുടെ സ്ലേറ്റിൽ നോക്കി സ്പെല്ലിംഗ് ശരിക്കെഴുതുവാൻ അദ്ദേഹം ആവശ്യപ്പെ ടുമെന്നു ചിന്തിക്കുക എനിക്കസാദ്ധ്യമായിരുന്നു. എന്റെ ധാരണ കോപ്പിയടിക്കാതെ നോക്കാനാണ് അദ്ദേഹമവിടെ നില്ക്കുന്നതെന്നായിരുന്നു. ഞാനൊഴികെ എല്ലാ കുട്ടി കളും സ്പെല്ലിംഗ് തെറ്റിക്കാതെ എല്ലാ വാക്കും എഴുതിയതായി കണ്ടു.

ഞാൻ മാത്രം വിഡ്ഢിയായി. എന്റെ വിഡ്ഢിത്തം ബോദ്ധ്യപ്പെടുത്തിത്തരാൻ ആ അദ്ധ്യാപകൻ പിന്നീട് ശ്രമിച്ചു. പക്ഷേ ഫലമുണ്ടായില്ല. കോപ്പിയടി എന്ന കല എനിക്കൊരിക്കലും അഭ്യസിക്കാൻ കഴിഞ്ഞില്ല.

**എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ** — **മഹാത്മാഗാന്ധി**

## എഴുത്തിനുവെച്ചശേഷം

ഓർമ്മവയ്ക്കാറായ കാലത്തിനു മുമ്പുതന്നെ എന്റെ അച്ഛൻ മരിച്ചിരുന്നു. അദ്ദേ ഹത്തിന്റെ മുഖച്ഛായയൊന്നും എന്റെ മനസ്സിൽ പതിഞ്ഞിട്ടില്ല. അമ്മയിൽ നിന്നും മറ്റുള്ളവരിൽ നിന്നും കേട്ടിട്ടുണ്ടായ ധാരണയേ അദ്ദേഹത്തെക്കുറിച്ച് എനിക്കുള്ളൂ. അതുകൊണ്ട് അച്ഛനുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ചെയ്യുമായിരുന്ന കാര്യങ്ങ ളിൽത്തന്നെ പലതും അമ്മയാണ് എന്റെ ബാല്യകാലത്ത് എനിക്കുവേണ്ടി ചെയ്തത്.

എന്റെ പേരിൽ അടക്കാനാവാത്ത സ്നേഹമാണ് അമ്മയ്ക്കുണ്ടായിരുന്നത്. അതിന് പ്രത്യേക കാരണവുമുണ്ട്. അവർ പ്രസവിച്ചുണ്ടായ ആദ്യത്തെ രണ്ടാൺകു ട്ടികൾ ശൈശവത്തിൽത്തന്നെ ചരമമടഞ്ഞു. പിന്നീടുണ്ടായ ഒരു മകനാകട്ടെ, സാധാ രണയിൽ കുറഞ്ഞ വളർച്ച മാത്രമേ ബുദ്ധിപരമായിട്ടുണ്ടായിരുന്നുള്ളൂ. അതും കഴിഞ്ഞിട്ടുണ്ടായ ഒരാൺകുട്ടിയാണ് ഞാൻ. ആ സ്ഥിതിക്ക് എന്നെയെങ്കിലും ഒരു നല്ല ആളാക്കാൻ അവർ സ്വാഭാവികമായി ആഗ്രഹിച്ചു.

**-ഇ.എം.എസ്.**

**റഫറൻസ് സാമഗ്രികൾ**

- കേരളഭാഷാ ഗാനങ്ങൾ - ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ (കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം)
- ചിലമ്പിട്ട ഓർമ്മകൾ - നർത്തകരത്നം കൊടക്കാട്ട് കണ്ണൻ പെരുവണ്ണാൻ, കുരുക്ഷേത്ര പ്രകാശൻ.
- നാടൻകലകൾ - ബാലകൃഷ്ണൻ കൊയ്യാൽ
- മാപ്പിളഫോക്‌ലോർ - പ്രൊഫ. ബി.മുഹമ്മദ് അഹമ്മദ് - സമയം പബ്ലിക്കേഷൻസ്.
- കളിയാട്ടക്കഥകൾ - പയ്യന്നൂർ കുഞ്ഞിരാമൻ, ചിന്താപബ്ലിക്കേഷൻസ്
- കോലത്തുനാട്ടിലെ തെയ്യം കഥകൾ - ആർ.സി. കരിപ്പത്ത്.
- തെയ്യം - എം.വി. വിഷ്ണുനമ്പൂതിരി.
- ഇശലുകളുടെ ഉദ്യാനം - എഡി. ഡോ. ഉമർ തറമേൽ